# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കാഞ്ഞിരപ്പുഴ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001

ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ : 0491-2520145

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: നമ്പർ കെ.എസ്.എ (പി.കെ.ഡി) പി -9/1712/23

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001
തീയ്യതി: 04/12/2023
ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ: 0491-2520145

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കാഞ്ഞിരപ്പുഴ ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : കാഞ്ഞിരപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കാഞ്ഞിരപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: നമ്പർ കെ.എസ്.എ (പി.കെ.ഡി) പി -9/1712/23 തീയ്യതി: 04/12/2023

## പാലക്കാട് ജില്ലയിലെ കാഞ്ഞിരപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

**(1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ കാഞ്ഞിരപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 18-12-2022 മുതൽ 19-10-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 19 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 7 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| രാം മനോഹർ വി കെ | ഡെപ്യൂട്ടി ഡയറക്ടർ | 20-10-2023 | 31-10-2023 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 20-10-2023 | 31-10-2023 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

1. ബിജു ആന്റണി യു, ഓഡിറ്റ് ഓഫീസർ
2. രാജിഷ ആർ, സീനിയർ ഗ്രേഡ് ഓഡിറ്റർ
3. കന്തസ്വാമി ഐ, ഓഡിറ്റർ
4. ഗോകുൽ.സി.എം, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.സതി രാമരാജൻ | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീമതി.ജി.ജീമോൾ | സെക്രട്ടറി | 01-04-2022 | 06-10-2022 |

| | | | |
|---|---|---|---|
| ശ്രീ.കെ.സന്തോഷ് കുമാർ | സെക്രട്ടറി | 06-10-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.സ്മിത | അസി.എഞ്ചിനീയർ | 01-04-2022 | 31-03-2023 |
| ശ്രീമതി.പ്രിൻസി.എം.ഡി | അസി.സെക്രട്ടറി | 01-04-2022 | 31-03-2023 |
| ശ്രീമതി.അർച്ചന മുരളി | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ഡോ.ഹെലന്ന. ടി.എം. | വെറ്റിനറി സർജൻ | 01-04-2022 | 31-03-2023 |
| ഡോ. സുനിൽ കുമാർ | മെഡിക്കൽ ഓഫീസർ (അലോപ്പതി) | 01-04-2022 | 31-03-2023 |
| ഡോ.ജസീല.പി.എ | മെഡിക്കൽ ഓഫീസർ ( സി.എച്ച്.സി) (ഹോമിയോ) | 01-04-2022 | 31-03-2023 |
| ഡോ.മീര | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2022 | 31-03-2023 |
| ശ്രീമതി.നീതു ത്യാഗരാജ് | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2022 | 22-02-2023 |
| ശ്രീമതി.പ്രമീള | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 23-02-2023 | 31-03-2023 |
| ശ്രീ.നാരായണൻ കുട്ടി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി.ശാന്താമണി. ഇ.എസ്. | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീ. രാജേഷ്. എസ്. | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി.മിനിക്കുട്ടി.സി.കെ | ഹെഡ് മിസ്ട്രസ് | 01-04-2022 | 03-05-2022 |
| ശ്രീ.അബ്ദുൾ അസീസ് | ഹെഡ് മാസ്റ്റർ | 04-05-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിങ്ങ് ചട്ടങ്ങൾ പ്രകാരമുളള എല്ലാ പത്രികകളും വാർഷിക കണക്കിനൊപ്പം സമർപ്പിച്ചിട്ടില്ല | 1-1-1 |
| 3 | ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ്–കൃത്യതയില്ല | 1-1-2 |
| 4 | വാർഷിക കണക്കിലെ തുകകളും അതാത് രജിസ്റ്ററിലെ സംക്ഷിപ്തം ആയി ചേർത്ത തുകകളും പൊരുത്തപ്പെടുന്നില്ല | 1-1-3 |
| 5 | ഡിമാന്റ് ഉത്ഭവിക്കുന്ന സമയത്ത് തന്നെ അക്രൂവൽ രേഖപ്പെടുത്തലുകൾ വരുത്തുന്നില്ല | 1-1-4 |
| 6 | നിക്ഷേപ പ്രവൃത്തികൾക്കായി കൈമാറിയ തുക - ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല | 1-1-5 |
| 7 | ആസ്തി രജിസ്റ്റർ - ആസ്തികളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല. | 1-1-6 |
| 8 | ബജറ്റ് | 1-2 |
| 9 | സാമ്പത്തിക വിശകലനം | 1-3 |
| 10 | ഫണ്ട് വിനിയോഗം | 1-4 |
| 11 | പദ്ധതി അവലോകനം | 1-5 |
| 12 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 1-6 |
| 13 | ക്ഷേമ പദ്ധതികൾ | 1-7 |
| 14 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 15 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 16 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 17 | വസ്തു നികുതി പരിഷ്കരണം 2023-അവലോകനം | 1-11 |
| 18 | ക്യാൻസൽഡ് രസീതികളുടെ നമ്പരും തുകയും നിലനിൽക്കുന്നു | 1-11-1 |
| 19 | സേവന നികുതി, കേന്ദ്ര സർക്കാർ സ്ഥാപനങ്ങൾക്ക് സർവ്വീസ് ചാർജ്ജ് എന്നിവ ചുമത്തൽ | 1-11-2 |
| 20 | ഭേദഗതി വിജ്ഞാപനം പ്രകാരം വസ്തുനികുതി നിരക്കുകൾ നിശ്ചയിച്ചിട്ടില്ല | 1-11-3 |
| 21 | വസ്തുനികുതി നിർണ്ണയിക്കുകയോ ഈടാക്കുകയോ ചെയ്തിട്ടില്ല | 1-11-4 |
| 22 | തെറ്റായ ഡാറ്റ ക്രമീകരിക്കേണ്ടതാണ് | 1-11-5 |
| 23 | MSME കളുടെ വിവരം സഞ്ചയയിൽ ഉൾപ്പെടുത്തിയിട്ടില്ല | 1-11-6 |
| 24 | തൊഴിൽ നികുതി പിരിവ് - അവലോകനം | 1-12 |
| 25 | തൊഴിൽനികുതി പിരിവ് കാര്യക്ഷമമാക്കേണ്ടതാണ് | 1-12-1 |
| 26 | നികുതിയേതര വരവുകൾ - അവലോകനം | 1-13 |
| 27 | ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ | 1-14 |
| 28 | ഗ്രാമപഞ്ചായത്തിൽ ലൈസൻസ് എടുക്കേണ്ട സ്ഥാപനങ്ങളുടെ പൂർണ്ണമായ വിവരങ്ങൾ സൂക്ഷിച്ചിട്ടില്ല | 1-14-1 |
| 29 | അപേക്ഷകളിലെ സാക്ഷ്യപ്പെടുത്തലുകൾ അപൂർണ്ണം | 1-14-2 |
| 30 | 2016 ലെ പ്ലാസ്റ്റിക് മാലിന്യ പരിപാലന ചട്ടങ്ങൾ പാലിക്കേണ്ടതാണ് | 1-14-3 |
| 31 | ഹോമിയോ ആശുപത്രിയിലെ മരുന്നു വാങ്ങൽ - മരുന്നുകളുടെ ലഭ്യത ഉറപ്പാക്കേണ്ടതാണ് | 1-15 |
| 32 | വിവിധ വാർഡുകളിൽ സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ - വിനിയോഗ വിവരം ലഭ്യമല്ല | 1-16 |
| 33 | അംഗണവാടി കെട്ടിട നിർമ്മാണം. പ്രവൃത്തി പൂർത്തീകരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. | 1-17 |
| 34 | ഭിന്നശേഷിക്കാർക്ക് ശ്രവണ സഹായി- വിതരണവിവരം ലഭ്യമാക്കേണ്ടതാണ്. | 1-18 |
| 35 | കോക്ലിയർ ഇംപ്ലാന്റേഷൻ - സാമൂഹ്യ സുരക്ഷ മിഷന് തുക കൈമാറൽ–തുക വിനിയോഗ | 1-19 |

| | | |
|---|---|---|
| | വിവരം ലഭ്യമാക്കേണ്ടതാണ്. | |
| 36 | അഡ്വാൻസ് തുക ക്രമീകരിക്കേണ്ടതാണ് | 1-20 |
| 37 | MGNREGS.ഭരണ ചെലവുകൾക്കായി അഡ്വാൻസ് ആയി നൽകിയ തുക ക്രമീകരിക്കേണ്ടതാണ് | 1-21 |
| 38 | വെറ്റിലചോല കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം - പ്രവൃത്തി പൂർത്തീകരിക്കേണ്ടതാണ് | 1-22 |
| 39 | ഗ്രോ ബാഗിലെ പച്ചക്കറി കൃഷി-അധിക തുക നൽകി | 1-23 |
| 40 | ജലസേചന പമ്പ് സെറ്റ് വിതരണം - അർഹത ഇല്ലാത്തവർക്ക് നൽകി | 1-24 |
| 41 | പ്രവൃത്തികളിൽ നിശ്ചിത സമയപരിധിക്കുള്ളിൽ എഗ്രിമെന്റ് വെച്ചിട്ടില്ല | 1-25 |
| 42 | ഇ-ടെൻണ്ടർ ഫീസ് തനത്ഫണ്ടിൽ അടവാക്കിയിട്ടില്ല. | 1-26 |
| 43 | പ്രവൃത്തിയുടെ ഇനങ്ങളിൽ വളരെ കൂടുതൽ അളവ് രേഖപ്പെടുത്തിയിട്ടും ലിമിറ്റ് ചെയ്യാതെ തുക നൽകിയിരിക്കുന്നു.എൻക്വയറിയുടെ അടിസ്ഥാനത്തിൽ തുക അടവാക്കിയിട്ടുണ്ട്. | 1-27 |
| 44 | എം.ജി.എൻ.ആർ.ഇ.ജി.എസ്. റജിസ്റ്ററുകളിലെ രേഖപ്പെടുത്തലുകൾ ക്രമപ്രകാരമല്ല. | 1-28 |
| 45 | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി-വിനിയോഗ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ് | 1-29 |
| 46 | ABC പ്രോഗ്രാം തുകയുടെ വിനിയോഗവിവരം ലഭ്യമായിട്ടില്ല | 1-30 |
| 47 | കോഴി ഗ്രാമം- മുട്ടക്കോഴി വളർത്തൽ–ജി.എസ്.ടി ടിഡിഎസ് ഈടാക്കിയിട്ടില്ല | 1-31 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | ഗ്രോ ബാഗിലെ പച്ചക്കറി കൃഷി-അധിക തുക നൽകി | 3-1 |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വാർഷിക കണക്കുകളുടെ സംക്ഷിപ്തം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1&11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 26.06.23 തീയതിയിലെ 5-ാം നമ്പർ കമ്മിറ്റി തീരുമാന പ്രകാരം തയ്യാറാക്കി 14.08.23 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള കാഞ്ഞിരപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2023 മാർച്ച് 31-ന് അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

II. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

III. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോടു കൂടിയ അഭിപ്രായം**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി കാഞ്ഞിരപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം : പാലക്കാട്

തീയതി : 04.12.2023

ഡെപ്യൂട്ടി ഡയറക്ടർ

### 1-1-1 അക്കൗണ്ടിങ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിനൊപ്പം സമർപ്പിച്ചിട്ടില്ല

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ പ്രകാരം താഴെപ്പറയുന്നവ വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല.

എ) ചട്ടം 62 ഇ - അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ - പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങൾ,

കണ്ടിൻജന്റ് ബാധ്യതകൾ, ധനസഹായ റിപ്പോർട്ടുകൾ തുടങ്ങിയവ

ബി) ചട്ടം 62 എഫ് – അടിസ്ഥാന അനുപാതങ്ങൾ

## 1-1-2 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ്-കൃത്യതയില്ല

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന അപാകതകൾ ഉണ്ട്. ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2022-23 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 9203233.00 രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2022-23 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 4241676.00 രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും ഗ്രാമപഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

## 1-1-3 വാർഷിക കണക്കിലെ തുകകളും അതാത് രജിസ്റ്ററിലെ സംക്ഷിപ്തം ആയി ചേർത്ത തുകകളും പൊരുത്തപ്പെടുന്നില്ല

**ഡെപ്പോസിറ്റ് രജിസ്റ്റർ**

ഡെപ്പോസിറ്റ് രജിസ്റ്ററും വാർഷിക കണക്കും തമ്മിൽ പൊരുത്തപ്പെടുത്തിയിട്ടില്ല. ഡെപ്പോസിറ്റ് ലഭിച്ചത് സംബന്ധിച്ച രശീതി നമ്പർ/ തീയതി എന്നിവ രജിസ്റ്ററിൽ രേഖപ്പെടുത്തി കാണുന്നില്ല. ഡെപ്പോസിറ്റ് രജിസ്റ്ററിൽ മുന്നിരിപ്പ് തുകകളുടെ വിശദാംശങ്ങളും വാർഷിക സംക്ഷിപ്തം രേഖപ്പെടുത്തുകയോ സെക്രട്ടറി സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല.

**അഡ്വാൻസ് രജിസ്റ്റർ**

അഡ്വാൻസ് രജിസ്റ്ററിലെ രേഖപ്പെടുത്തൽ പൂർണ്ണമല്ല.

## 1-1-4 ഡിമാന്റ് ഉത്ഭവിക്കുന്ന സമയത്ത് തന്നെ അക്രൂവൽ രേഖപ്പെടുത്തലുകൾ വരുത്തുന്നില്ല

2022-23ൽ അസസ്സ്ചെയ്യപ്പെടുന്ന അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സ്മെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ് (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക്ക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ ഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ അക്രൂവൽ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും ഡിമാന്റ് എൻട്രികൾ/ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-1-5 നിക്ഷേപ പ്രവൃത്തികൾക്കായി കൈമാറിയ തുക – ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല. എന്നാൽ ഇവ വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ/ ചെക്ക് നമ്പർ | ഡെപ്പോസിറ്റ് തുക | ബാക്കി |
|---|---|---|---|---|
| എം.ജി.എൻ.ആർ.ഇ.ജി.എസ്. മിഷൻ ഡയറക്ടർ | പ്രൊജക്ട് നം 192/23 അംഗനവാടികെട്ടിട നിർമ്മാണം | ബിൽ നം, തിയ്യതി- 24/27.03.23 | 3,00,000/- | വിനിയോഗ രേഖകൾ ലഭ്യമായിട്ടില്ല. |

| | | | | |
|---|---|---|---|---|
| KSEB | പ്രൊജക്ട് നം-25/23 സ്ട്രീറ്റ് മെയിൻ വലിക്കുന്നതിന് | ബിൽ നം 141/11.01.23 | 2466347/- | |

## 1-1-6 ആസ്തി രജിസ്റ്റർ - ആസ്തികളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

## 1-2 ബജറ്റ്

സ.ഉ (സാധാ) നം. 3291/2016/ തസ്വഭവ തിയ്യതി 02.12.2016 ഉത്തരവ് പ്രകാരം അംഗീകരിച്ച 'കേരളത്തിലെ ഗ്രാമപഞ്ചായത്തുകൾക്ക് ബജറ്റ് തയ്യാറാക്കുന്നതിനുള്ള മാന്വൽ', 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 175, 214 എന്നിവ പ്രകാരം ബജറ്റ് തയ്യാറാക്കൽ സംബന്ധിച്ച് പാലിക്കേണ്ട നടപടിക്രമങ്ങൾ പാലിച്ച് ബജറ്റ് തയ്യാറാക്കിയിട്ടുണ്ട്. 26.03.2022ന് ചേർന്ന യോഗത്തിലെ തീരുമാനം 1 പ്രകാരം ബജറ്റ് അംഗീകരിച്ചിട്ടുണ്ട്. 29.03.2023 ലെ തീരുമാനം 1 പ്രകാരം ബജറ്റ് റിവൈസ് ചെയ്തിട്ടുണ്ട്.

ബജറ്റ് സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 46,96,614 |
| തൻവർഷം വരവ് | 28,72,39,000 |
| ആകെ വരവ് | 29,19,35,614 |
| ചെലവ് | 28,87,46,132 |
| നീക്കിയിരിപ്പ് | 31,89,482 |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 3,30,92,895 |
| വരവ് | 6,00,78,911 |
| ആകെ | 9,31,71,806 |
| ചെലവ് | 5,08,75,678 |
| നീക്കിയിരിപ്പ് | 42296128 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | അലോട്ട്മെന്റ് /വരവ് | ആകെ | ചെലവ് | സി.ബി/ ലാപ്സായതുക |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 27051287 | 27051287 | 22473935 | 4577352 |
| വികസന ഫണ്ട്-എസ്.സി.പി | 0 | 6811878 | 6811878 | 5986926 | 824952 |
| വികസന ഫണ്ട്-ടി.എസ്.പി | 0 | 2547534 | 2547534 | 1994023 | 553511 |
| മെയിന്റനൻസ്, റോഡ് | 0 | 10755000 | 10755000 | 9096815 | 1658185 |
| മെയിന്റനൻസ്, നോൺ-റോഡ് | 0 | 7712000 | 7712000 | 5221877 | 2490123 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് Basic Grant (Bank)* | 2185058 | 5685493 | 7870551 | 6285116 | 1585435 |

| | | | | | |
|---|---|---|---|---|---|
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് Basic Grant (Treasury) | 0 | 85354 | 85354 | 84550 | 804 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് Tied (Bank) | 6418500 | 8326000 | 14744500 | 4046975 | 10697525 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് Tied (Treassury) | | 1914141 | 1914141 | 1019856 | 894285 |

(*) അൺടൈഡ് ഗ്രാന്റിന്റെ യഥാർത്ഥ വരവ് 55,50,000/- രൂപയാണ്. പലിശയിനത്തിൽ ലഭ്യമായ 1,35,493/- രൂപ കൂടി ഉൾപ്പെടുത്തിയാണ് 56,85,493/- വാർഷിക കണക്കിൽ വരവ് ചേർത്തിട്ടുള്ളത്.

**കേന്ദ്രാവിഷ്കൃതം – എ)**

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് |
|---|---|---|---|---|---|
| ICDS | 171265 | 1174814 | 1346079 | 943823 | 402256 |
| സമ്പൂർണ്ണ ശുചിത്വം (TSC) | 1542047 | 0 | 1542047 | 0 | 1542047 |
| BRGF | 3760 | 0 | 3760 | 0 | 3760 |

**ബി) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി**

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 13671 | 1179087 | 1192758 | 781741 | 411017 |
| തൊഴിലാളികളുടെ വേതനം | 0 | 48290669 | 48290669 | 48290669 | 0 |
| മെറ്റീരിയൽ വർക്ക് (ക്യാപിറ്റൽ കോൺട്രിബ്യൂഷൻ) | | 3699331 | 3699331 | 3699331 | |
| ആകെ | 13671 | 53169087 | 53182758 | 52771741 | 411017 |

പ്രകാരമുള്ള തുകയും പൊരുത്തപ്പെടുന്നില്ല. വ്യത്യാസത്തിന്റെ കാരണം വിശദമാക്കേണ്ടതാണ്. വാർഷിക കണക്ക് പ്രകാരം I 6 + B 3 യിലെ തുകയും I 14 C + I 14 F

**സംസ്ഥാനാവിഷ്കൃതം**

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ശുചിത്വ മിഷൻ ഗ്രാന്റ് | 1542047 | 0 | 1542047 | 0 | 1542047 |
| മികച്ച പഞ്ചായത്ത് അവാർഡ് | 240747 | 0 | 240747 | 0 | 240747 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 229 | 129208652 | 168 | 68740019 | - | 61 | 73.36 |

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ മുഖേന നടപ്പാക്കുവാൻ ലക്ഷ്യമിട്ട് അംഗീകാരം ലഭ്യമാക്കിയ

പ്രോജക്റ്റുകളുടേയും നടപ്പാക്കിയ പ്രോജക്റ്റുകളുടേയും വിവരം താഴെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 12 | 10 | 5925047 | 3470953 | 58.58 |
| വി.ഇ.ഒ | 20 | 16 | 41354089 | 10271117 | 24.83 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 10 | 7 | 7939900 | 6326218 | 79.67 |
| സെക്രട്ടറി | 36 | 23 | 16090983 | 10746263 | 66.78 |
| അസിസ്റ്റന്റ് എഞ്ചിനിയർ | 110 | 71 | 36941962 | 21437430 | 58.03 |
| മെഡിക്കൽ ഓഫീസർ-PHC | 10 | 10 | 3343583 | 3091792 | 92.46 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 2531000 | 1407085 | 55.59 |
| മെഡിക്കൽ ഓഫീസർ-ആയുർവേദം | 6 | 6 | 1959594 | 1893063 | 96.60 |
| മെഡിക്കൽ ഓഫീസർ-ഹോമിയോ | 1 | 1 | 250000 | 250000 | 100 |
| അസി.സെക്രട്ടറി | 5 | 5 | 3495394 | 1414174 | 40.45 |
| വെറ്ററിനറി സർജ്ജൻ | 7 | 7 | 5702100 | 4987000 | 87.45 |
| ഹെഡ് മാസ്റ്റർ | 11 | 11 | 3675000 | 3444924 | 93.73 |
| ആകെ | 229 | 168 | 129208652 | 68740019 | 53.2 |

## 1-6 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 13671 | 1179087 | 1192758 | 781741 | 411017 |
| തൊഴിലാളികളുടെ വേതനം | 0 | 48290669 | 48290669 | 48290669 | 0 |
| മെറ്റീരിയൽ വർക്ക് (ക്യാപിറ്റൽ കോൺട്രിബ്യൂഷൻ) | | 3699331 | 3699331 | 3699331 | |
| ആകെ | 13671 | 53169087 | 53182758 | 52771741 | 411017 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | | - |
| കർഷകതൊഴിലാളി പെൻഷൻ | 2,721,400.00 | 241 |
| വിധവാപെൻഷൻ | 17,549,800.00 | 1683 |
| വാർദ്ധക്യകാലപെൻഷൻ | 28,059,200.00 | 2873 |
| വികലാംഗപെൻഷൻ | 3,883,000.00 | 372 |
| 50വയസിന് മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള | 1,014,800.00 | 94 |

| | | | |
|---|---|---|---|
| പെൻഷൻ | | | |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 20.10.2023 തീയ്യതിയിൽ 3pm സമയത്ത് പഞ്ചായത്ത് സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ നടത്തി. 35,424/- രൂപയുടെ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിൽ കൈകാര്യം ചെയ്യുന്ന മുഴുവൻ വിഷയങ്ങളെയും അടിസ്ഥാനമാക്കി വിവിധ ഉത്തരവാദിത്തങ്ങൾ ജീവനക്കാർക്ക് ഓഫീസ് ഉത്തരവുകളിലൂടെ ഏൽപ്പിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. ഫ്രണ്ട് ഓഫീസ് ഡ്യൂട്ടി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്. കളക്ട് ചെയ്യുന്ന തുക അതേ ദിവസം അല്ലെങ്കിൽ തൊട്ടടുത്ത പ്രവൃത്തി ദിവസം തന്നെ ബാങ്കിൽ അടവാക്കുകയും അടവു വിവരം പരിശോധിച്ചുറപ്പാക്കുകയും ചെയ്യുന്നുണ്ട്.

എല്ലാ പേയ്മെന്റുകളും ശരിയായ രീതിയിൽ വൗച്ചർ ചെയ്യപ്പെടുന്നുണ്ട്.
ഗ്രാമപഞ്ചായത്ത് ഉടമസ്ഥതയിലുള്ള ആസ്തികളുടെ സമഗ്രമായ വിവരങ്ങൾ രേഖപ്പെടുത്തുന്ന ആസ്തി റജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. പദ്ധതി നടത്തിപ്പ് കാര്യക്ഷമത ഉറപ്പു വരുത്തേണ്ടതാണ്. അതത് സാമ്പത്തിക വർഷത്തിൽ തന്നെ പരമാവധി തുക ചെലവഴിക്കുന്ന വിധത്തിൽ പദ്ധതി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യേണ്ടതാണ്. മോണിറ്ററിംഗ് കാര്യക്ഷമമാക്കി പദ്ധതി പുരോഗതി വിലയിരുത്തി ഫണ്ട് വിനിയോഗം ഉറപ്പാക്കേണ്ടതാണ്. ചെലവഴിക്കാത്ത ഗ്രാന്റുകൾ തുടർവർഷങ്ങളിൽ ലഭ്യമാവാത്ത ഈ സാഹചര്യത്തിൽ സർക്കാരിൽ നിന്നും ലഭിക്കുന്ന ഗ്രാന്റുകൾ പരമാവധി അതാത് വർഷങ്ങളിൽ തന്നെ ഉപയോഗപ്പെടുത്തി ഗ്രാമപഞ്ചായത്തിന്റെ വികസനം ത്വരിതപ്പെടുത്താൻ ഭരണസമിതി അംഗങ്ങളും സെക്രട്ടറിയും മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥരും ജിവനക്കാരും ശ്രദ്ധിക്കേണ്ടതാണ്.
പഞ്ചായത്ത് ലൈബ്രറി, ഓപ്പൺ ജിംനേഷ്യം എന്നിവ മാതൃകാപരമായി പ്രവർത്തിക്കുന്നുണ്ട്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

21.7.2005 മുതൽ 30.7.2005 വരെയുള്ള തിയതികളിൽ നടന്ന അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റിൽ 1997 മുതൽ 2005 വരെയുള്ള കണക്കുകളാണ് പരിശോധിച്ചിട്ടുള്ളത്.
പെർഫോമൻസ് ഓഡിറ്റ് 1/23 വരെയുള്ള കണക്കുകൾ പരിശോധിച്ചിട്ടുണ്ട്.

## 1-11 വസ്തു നികുതി പരിഷ്കരണം 2023-അവലോകനം

2011 ലെ കേരള പഞ്ചായത്ത്‌രാജ്(വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ പ്രകാരവും 2013 ലെ ഭേദഗതി ചട്ടങ്ങളും വിവിധ ഘട്ടങ്ങളിൽ പുറപ്പെടുവിച്ച വിജ്ഞാപനങ്ങളും ഉത്തരവുകളും പ്രകാരമുള്ള വസ്തു നികുതി, നിലവിൽ സഞ്ചയ സോഫ്റ്റ്‌വെയറിന്റെ സഹായത്തോടെയാണ് നിർണ്ണയിക്കുന്നത്. വസ്തു നികുതി ഡാറ്റയുടെ കൃത്യതയും 2023 ൽ വസ്തു നികുതി പുതുക്കി നിശ്ചയിച്ചതിന്റെ കാര്യക്ഷമതയും വിലയിരുത്തിയതിന്മേലുള്ള ഓഡിറ്റ് കണ്ടെത്തലുകളും നിർദ്ദേശങ്ങളും താഴെ ചേർക്കുന്നു.

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 203, 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 4(5) എന്നിവ അനുസരിച്ച് 5 വർഷത്തിലൊരിക്കൽ വസ്തു നികുതി പുതുക്കി നിശ്ചയിക്കേണ്ടതാണ്. സെക്ഷൻ 203 പ്രകാരം 25% വർദ്ധനവ് വരുത്തിക്കൊണ്ടാണ് വസ്തുനികുതി പരിഷ്കരണം നടത്തേണ്ടതെങ്കിലും ഈ വ്യവസ്ഥയിൽ ഇളവ് വരുത്തി വർഷം തോറും 5% എന്ന തോതിൽ 01-04-2023 തീയതി പ്രാബല്യത്തിൽ ഗ്രാമപഞ്ചായത്തിലെ വസ്തു നികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രധാന നിർദ്ദേശങ്ങൾ താഴെ ചേർക്കുന്നു.

1. സ.ഉ(കൈ)നം.77/2023/LSGD തിയതി 22-3-2023 - വസ്തു നികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള

മാർഗ്ഗനിർദ്ദേശങ്ങൾ.

2. സ.ഉ(അച്ചടി)നം.25/2023/LSGD തിയതി 5-4-2023 (എസ്.ആർ.ഒ നം.479/2023/ 10-4-2023) – കുറഞ്ഞതും കൂടിയതുമായ വസ്തു നികുതി നിരക്കിന്റെ വിജ്ഞാപനം.

**2023 ലെ വസ്തുനികുതി പരിഷ്കരണം – പ്രധാന നിർദ്ദേശങ്ങളും അവ നടപ്പാക്കിയതിന്റെ വിവരവും**

**എ) വസ്തു നികുതിയിൽ 5% വർദ്ധനവ് വരുത്തൽ**

എല്ലാ കെട്ടിടങ്ങളുടെയും 2022-23 വർഷം വരെ നിർണ്ണയിച്ചിട്ടുള്ള വസ്തു നികുതിയോടൊപ്പം അഞ്ച് ശതമാനം വീതം വർദ്ധനവ് വരുന്ന രീതിയിൽ സഞ്ചയ ഡാറ്റ ഐ.കെ.എം ക്രമീകരിച്ചിട്ടുണ്ട്.

**ബി) കെട്ടിടത്തിൽ വരുത്തിയ മാറ്റങ്ങൾ അറിയിക്കൽ**

മുൻകാലയളവുകളിൽ കെട്ടിടത്തിൽ വരുത്തിയ മാറ്റങ്ങളുടെ വിവരം ഗ്രാമപഞ്ചായത്തിനെ അറിയിക്കാത്തവർക്ക് വിവരം ഫോറം 9ബി പ്രകാരം 15-05-2023 തീയതിക്കുള്ളിൽ അറിയിക്കാവുന്നതാണ്. എന്നാൽ ഫോറം 9B യിൽ നാളിതുവരെ 123 പേർ മാത്രമാണ് കെട്ടിടത്തിന്റെ മാറ്റങ്ങളുടെ വിവരം അറിയിച്ചിട്ടുള്ളത്.

**സി) കെട്ടിടത്തിന്റെ ഫീൽഡ് പരിശോധന**

ഫീൽഡ് പരിശോധന നടത്തി കെട്ടിടങ്ങളുടെ വിവരം സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തുന്നതിന് 30-06-2023 വരെ സമയം അനുവദിച്ചിരുന്നു. എന്നാൽ ഫീൽഡ് പരിശോധന നാളിതുവരെ ആരംഭിച്ചിട്ടില്ല.

**ഡി) വിവരശേഖരണം, ഡാറ്റാ എൻട്രി**

വിവരശേഖരണം, ഡാറ്റാ എൻട്രി എന്നിവയ്ക്കായി നിശ്ചിത യോഗ്യതയുള്ളവരെ നിയമിക്കാവുന്നതും ഒരു വീടിന് 30 രൂപ നിരക്ക് അനുവദിക്കാവുന്നതാണ്. 3 ഉദ്യോഗാർത്ഥികളെ ഇന്റർവ്യൂ നടത്തി 2 പേരെ നിയമിക്കുവാൻ തീരുമാനിച്ചിട്ടുണ്ടെങ്കിലും ആരും സന്നദ്ധത അറിയിച്ചിട്ടില്ല.

**ഇ) വസ്തു നികുതിയുടെ പുതുക്കിയ നിരക്കിന്റെ വിജ്ഞാപനം**

5% വർദ്ധനവ് വരുത്തിയതല്ലാതെ കെട്ടിടങ്ങളുടെ അടിസ്ഥാന വിവരം ശേഖരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ല. ആയതിനാൽ വസ്തു നികുതി പുനർ നിർണ്ണയവുമായി ബന്ധപ്പെട്ട മറ്റ് നടപടികളിലേക്ക് കടക്കുവാൻ കഴിയാത്ത സ്ഥിതിയാണ് നിലവിലുള്ളത്.

ഉത്തരവുകൾ കണക്കിലെടുത്ത് 30/06/2023 തീയതിയിലെ എസ് സി3-111/2023 നം. ഉത്തരവ് പ്രകാരം കരട് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

പൊതു ജനങ്ങൾക്ക് ആക്ഷേപം ഉണ്ടെങ്കിൽ അറിയിക്കുന്നതിനായി ഒരു മാസം സമയം നൽകിയിരുന്നുവെങ്കിലും പരാതിയൊന്നും ഇല്ലാത്തതിനാൽ കരട് വിജ്ഞാപനം അംഗീകരിക്കുകയും 20/09/2023 തീയതിയിലെ എസ് സി3-111/2023 നം. ഉത്തരവ് പ്രകാരം അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ച് വില്ലേജ് ഓഫീസിലും പത്രങ്ങളിലും പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്.
അന്തിമ വിജ്ഞാപനം അനുസരിച്ചുള്ള നിരക്ക് സഞ്ചയയിൽ അപ്‌ലോഡ് ചെയ്തിട്ടില്ല.

**എഫ്) വസ്തു നികുതി നിരക്കും മേഖലകളും റോഡുകളുടെ തരംതിരിവും**

പുതിയതായി വസ്തുനികുതി നിർണ്ണയിക്കുന്ന കെട്ടിടങ്ങളുടെ നികുതി നിർണ്ണത്തിന് ബാധകമാക്കേണ്ട നിരക്കുകളും മേഖലകളുടെ തരംതിരിക്കലും വഴിസൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള തരംതിരിക്കലുകളും ഗ്രാമപഞ്ചായത്തിന് പുതുക്കി നിശ്ചയിക്കാവുന്നതാണ്. വസ്തു നികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട് പ്രാഥമിക മേഖല, ദ്വിതീയ മേഖല, തൃതീയ മേഖല എന്നിവ പുതുക്കി നിശ്ചയിച്ചിട്ടില്ല.

**ജി) നികുതി ഇളവ് നൽകിയ കെട്ടിടങ്ങളുടെ പരിശോധന**

അനധികൃത ഇളവുകൾ നൽകിയതായി കാണുന്നില്ല.

**എച്ച്) അനധികൃത കെട്ടിടങ്ങൾ ക്രമവത്കരിക്കുന്നതിനുള്ള പുരോഗതി**

യു.എ രജിസ്റ്റർ പ്രകാരം 34 അനധികൃത കെട്ടിടങ്ങൾ ഗ്രാമപഞ്ചായത്തിൽ നിലവിലുണ്ട്. സഞ്ചയ ഡാറ്റ പ്രകാരം പ്രസ്തുത കെട്ടിടങ്ങൾക്ക് യു.എ നമ്പർ നൽകി മൂന്നിരട്ടി ഫീസ് ഈടാക്കി വരുന്നുണ്ട്. കെട്ടിടങ്ങൾ ക്രമവത്ക്കരിക്കുന്നതിനുള്ള അപേക്ഷ ഗ്രാമപഞ്ചായത്തിൽ ലഭ്യമായിട്ടുണ്ടോ എന്ന് വ്യക്തമാക്കിയിട്ടില്ല.

**ഐ) മൊബൈൽ ടവറുകളുടെ വസ്തു നികുതി പിരിവിലെ കാര്യക്ഷമത**

ഗ്രാമപഞ്ചായത്ത് പരിധിയിൽ 13 മൊബൈൽ ടവറുകളാണ് പ്രവർത്തിക്കുന്നത്. ച.മീറ്ററിന് 500 രൂപ നിരക്കാണ് വസ്തു നികുതിയായി നിശ്ചയിച്ചിട്ടുള്ളത്. വസ്തു നികുതി കുടിശ്ശിക ഇല്ല.
സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ച് 01.04.23 മുതൽക്കുള്ള വസ്തുനികുതി പരിഷ്കരണം പൂർത്തീകരിക്കേണ്ടതാണ്.

**1-11-1 ക്യാൻസൽഡ് രസീതികളുടെ നമ്പരും തുകയും നിലനിൽക്കുന്നു**

ILGMS ൽ ലഭ്യമായ 01.04.2022 മുതൽ 31.03.2023 വരെയുള്ള രസീതികളുടെ ക്യാൻസിലേഷൻ റിപ്പോർട്ട് പ്രകാരം 51 രസീതികൾ ക്യാൻസൽ ചെയ്തിട്ടുണ്ട്. ILGMS ൽ ക്യാൻസൽ ചെയ്ത ഏതാനും രസീതികളിലെ തുകകൾ സഞ്ചയയിലെ ഡാറ്റയുമായി പൊരുത്തപ്പെടുത്തി പരിശോധിച്ചപ്പോൾ പ്രിന്റർ ഫാൾട്ട് എന്ന് നൽകുന്ന രസീതികൾക്ക് അതേ നമ്പറിൽ വീണ്ടും രസീതി നൽകുവാൻ സാധിക്കുന്നതായും ക്യാൻസൽഡ് രസീതികളുടെ നമ്പരും തുകയും നിലനിൽക്കുന്നതായും ബോധ്യപ്പെട്ടു. വിശദാംശം താഴെ ചേർക്കുന്നു.

| Sl No. | Receipt No | Receipt Date | Amount ₹ |
|---|---|---|---|
| 1 | 1220105342 | 01.02.2023 | 500 |
| 2 | 1220105643 | 08.02.2023 | 908 |
| 3 | 1220200918 | 14.03.2023 | 1100 |
| 4 | 1220106832 | 18.03.2023 | 1229 |
| 5 | 1220107239 | 24.03.2023 | 1220 |

**1-11-2 സേവന നികുതി, കേന്ദ്ര സർക്കാർ സ്ഥാപനങ്ങൾക്ക് സർവ്വീസ് ചാർജ്ജ് എന്നിവ ചുമത്തൽ**

**എ) സേവന ഉപനികുതി**

2011 ലെ കേരള പഞ്ചായത്ത് രാജ്(വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 26, 27, 28 എന്നിവയിലാണ് സേവന ഉപനികുതിയെക്കുറിച്ച് പ്രതിപാദിച്ചിട്ടുള്ളത്. ഒരു പഞ്ചായത്ത് പ്രദേശത്തെ സേവന ഉപനികുതിയിൽ നിന്ന് ഒഴിവാക്കിയിട്ടില്ലാത്ത ഏതൊരു കെട്ടിടത്തിന്റെയും ഉടമസ്ഥനിൽ നിന്ന്, പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപ പ്രദേശത്തോ ശുചിത്വ പരിപാലനം, ജലവിതരണം, തെരുവു വിളക്കുകൾ, ഡ്രൈനേജ് എന്നിവയുള്ള സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ, ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതാണ്. സേവനങ്ങൾ ലഭ്യമാക്കാത്ത കെട്ടിടങ്ങളെ സേവന ഉപനികുതിയിൽ നിന്നും ഒഴിവാക്കാവുന്നതാണ്. ചട്ടം 27 പ്രകാരം വസ്തു നികുതിയിന്മേൽ താഴെ പറയുന്ന നിരക്കുകളിൽ കുറയാതെ സേവന ഉപനികുതി ഈടാക്കാവുന്നതാണ്.

1. ശുചിത്വ പരിപാലനം - 4%

2. ജല വിതരണം - 3%

3. തെരുവു വിളക്കുകൾ - 2%

4. ഡ്രൈനേജ് - 1%

വസ്തു നികുതി നിർണ്ണയം, ചുമത്തൽ, പിരിച്ചെടുക്കൽ എന്നീ നടപടിക്രമങ്ങൾ ആവശ്യമായ ഭേദഗതികളോടെ സേവന ഉപനികുതിയുടെ നിർണ്ണയം, ചുമത്തൽ, പിരിച്ചെടുക്കൽ എന്നിവയ്ക്കും

ബാധകമാണെന്ന് ചട്ടം 28 ൽ വ്യക്തമാക്കിയിട്ടുണ്ട്. വസ്തു നികുതി പുതുക്കി നിശ്ചയിക്കുന്നതിനായി പുറപ്പെടുവിച്ച സ.ഉ(കൈ)നം.77/2023/LSGD തിയതി 22-3-2023 പ്രകാരമുള്ള മാർഗ്ഗരേഖയിൽ നിലവിൽ സേവന ഉപനികുതി ചുമത്താത്ത ഗ്രാമപഞ്ചായത്തുകൾക്ക് സേവന ഉപനികുതി ചുമത്താവുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

കാഞ്ഞിരപ്പുഴ ഗ്രാമപഞ്ചായത്ത് സേവന ഉപനികുതി ചുമത്തുന്നതിനുള്ള തീരുമാനം എടുത്തിട്ടില്ല.

**ബി) കേന്ദ്ര സർക്കാരിന്റെ കെട്ടിടങ്ങളുടെ വസ്തു നികുതിയും സർവ്വീസ് ചാർജ്ജും**

2011 ലെ കേരള പഞ്ചായത്ത്(വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 30 പ്രകാരം കേന്ദ്ര സർക്കാരിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളുടെ സംഗതിയിൽ വസ്തു നികുതിയിൽ നിന്നും ഒഴിവാക്കപ്പെട്ടിട്ടുള്ള കെട്ടിടങ്ങളുടെ കാര്യത്തിൽ ഗ്രാമപഞ്ചായത്തുകൾക്ക് ശുചിത്വ പരിപാലനം, ജലവിതരണം, തെരുവു വിളക്കുകൾ, ഡ്രൈനേജ് എന്നീ സേവനങ്ങൾക്കായി നിശ്ചിത നിരക്കിൽ സർവ്വീസ് ചാർജ്ജ് ഈടാക്കാവുന്നതാണ്.

തനത് വരുമാനം കുറവായ സാഹചര്യത്തിൽ വസ്തു നികുതി നിർണ്ണയവും പിരിവും കാര്യക്ഷമമാക്കുന്നതിന് ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതാണ്.

### 1-11-3 ഭേദഗതി വിജ്ഞാപനം പ്രകാരം വസ്തുനികുതി നിരക്കുകൾ നിശ്ചയിച്ചിട്ടില്ല

24.02.2015 ലെ സ.ഉ(അ) നം. 36/2015/ ത.സ്വഭ.വ നമ്പരായി പ്രസിദ്ധീകരിച്ച എസ്.ആർ.ഒ നം. 100/2015 വിജ്ഞാപനം പ്രകാരം സ്വകാര്യ ഹോസ്റ്റൽ, ഹോംസ്റ്റേ, വിദ്യാഭ്യാസ സ്ഥാപനത്തിന്റെ കോമ്പൗണ്ടിൽ വരുന്നതും അതിന്റെ മാത്രം അവശ്യങ്ങൾക്ക് മാത്രം ഉപയോഗിക്കുന്നതുമായ ഓഡിറ്റോറിയം, കാന്റീൻ, വർക്ക്ഷോപ്പ്, മൈക്രോ സ്മാൾ ആൻറ് മീഡിയം എൻറർപ്രൈസസ് ഡെവലപ് മെൻറ് ആക്റ്റ്, 2006 (2006 ലെ 27) പ്രകാരം രജിസ്റ്റർ ചെയ്ത വ്യവസായ യൂണിറ്റുകളുടെ കെട്ടിടങ്ങൾ, ആയുർവേദ സുഖചികിത്സാകേന്ദ്രങ്ങൾ എന്നിവയ്ക്കും സ.ഉ(അ)നം.53/2020/തസ്വഭവ തിയതി 8-9-2020 പ്രകാരം റസിഡൻഷ്യൽ ഹോം സ്റ്റേകൾക്കും വസ്തുനികുതി നിർണ്ണയിച്ച് ഭേദഗതി വരുത്തിയിരുന്നു. റസിഡൻഷ്യൽ ഹോംസ്റ്റേകളുടെ വസ്തുനികുതി നിർണ്ണയിക്കുകയോ സഞ്ചയ സോഫ്റ്റ്‌വെയറിൽ ആയത് ഉൾപ്പെടുത്തുകയോ ചെയ്തിട്ടില്ല. ഭേദഗതി വിജ്ഞാപന പ്രകാരം തുടർനടപടി സ്വീകരിച്ച് സഞ്ചയസോഫ്റ്റ്‌വെയറിൽ റസിഡൻഷ്യൽ ഹോം സ്റ്റേകളുടെ വസ്തുനികുതി നിരക്ക് ഉൾപ്പെടുത്തേണ്ടതാണ്.

### 1-11-4 വസ്തുനികുതി നിർണ്ണയിക്കുകയോ ഈടാക്കുകയോ ചെയ്തിട്ടില്ല

100 ച.മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ള താഴെ പറയുന്ന കെട്ടിടത്തിനെ 'വാണിജ്യാവശ്യത്തിനുള്ള 100 ച.മീറ്റർ വരെ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ' എന്ന് വിഭാഗത്തിൽ തെറ്റായി സഞ്ചയ സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തിയിരിക്കുന്നു. പ്രസ്തുത കെട്ടിടത്തിന്റെ വസ്തുനികുതി നിർണ്ണയിക്കുകയോ ഈടാക്കുകയോ ചെയ്തിട്ടില്ല. ആയതിന് വിശദീകരണം നൽകേണ്ടതാണ്.

| കെട്ടിട നം. | വിസ്തീർണ്ണം (ച.മീ) |
|---|---|
| 19/562 | 296.97 |

ഈ കെട്ടിടത്തിന്റെ വസ്തുനികുതി നിർണ്ണയം നടത്തി രേഖകൾ സഹിതം വിവരം ലഭ്യമാക്കേണ്ടതാണ്.

### 1-11-5 തെറ്റായ ഡാറ്റ ക്രമീകരിക്കേണ്ടതാണ്

വസ്തുനികുതി വർദ്ധനവ് പരിമിതപ്പെടുത്തിയ താഴെ പറയുന്ന കെട്ടിടങ്ങളുടെ ഉപയോഗക്രമം 'വാണിജ്യാവശ്യത്തിനുള്ള 100 ച.മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ' എന്നതിന് പകരം 'വാണിജ്യാവശ്യത്തിനുള്ള 100 ച.മീറ്റർ വരെ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ' എന്ന് തെറ്റായി

രേഖപ്പെടുത്തിയിരിക്കുന്നു. ഇതുമൂലം തെറ്റായ നികുതി നിർണ്ണയമോ നഷ്ടമോ ഉണ്ടാകുന്നില്ലെങ്കിലും തെറ്റായ ഡാറ്റ സഞ്ചയയിൽ തുടരുന്നു.

| ക്രമ നം. | കെട്ടിട നം. | വിസ്തീർണ്ണം (ച.മീ) |
|---|---|---|
| 1 | 1/512 | 159.5 |
| 2 | 1/612 | 110 |
| 3 | 4/212 | 163.17 |
| 4 | 12/458 | 226.08 |

## 1-11-6 MSME കളുടെ വിവരം സഞ്ചയയിൽ ഉൾപ്പെടുത്തിയിട്ടില്ല

2022-23 വർഷത്തിൽ സേവനം, ഉത്പാദനം എന്നീ വിഭാഗങ്ങളിൽ നൂറോളം സ്ഥാപനങ്ങൾ (ഗ്രാമപഞ്ചായത്തിലെ എന്റർപ്രൈസസ് ഡെവലപ്പ്മെന്റ് എക്സിക്യൂട്ടീവ് കൃത്യമായ വിവരം ലഭ്യമാക്കിയിട്ടില്ല) MSME ലൈസൻസ് നേടിയിട്ടുണ്ട്. എന്നാൽ MSME കളുടെ വിവരം സഞ്ചയയിൽ ഉൾപ്പെടുത്തിയിട്ടില്ല. ആയത് ഉൾപ്പെടുത്തി വിവരം അറിയിക്കേണ്ടതാണ്.

മേൽ പറഞ്ഞ അപാകങ്ങൾക്ക് വിശദീകരണം നൽകുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം. 12/31.10.23 നുള്ള മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-12 തൊഴിൽ നികുതി പിരിവ് - അവലോകനം

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 204, 205, 205എ മുതൽ 205കെ വരെയുള്ള വകുപ്പുകൾ എന്നിവയിലാണ് തൊഴിൽ നികുതിയെക്കുറിച്ച് പ്രതിപാദിക്കുന്നത്. വകുപ്പ് 204 ലെ ഉപവകുപ്പ് (1) പ്രകാരം നിർണ്ണയിക്കപ്പെടാവുന്ന ചട്ടങ്ങൾക്ക് വിധേയമായി ഓരോ ഗ്രാമപഞ്ചായത്ത് പ്രദേശത്തും ഓരോ അർദ്ധ വർഷവും അറുപതു ദിവസത്തിൽ കുറയാതെ ഇടപാടു നടത്തുന്ന ഓരോ കമ്പനിയുടേയും; ആകെ കൂടി അറുപതു ദിവസത്തിൽ കുറയാതെ ഒരു പഞ്ചായത്ത് പ്രദേശത്തിനുള്ളിലോ, ഒരു പഞ്ചായത്ത് പ്രദേശത്ത് താമസിച്ചുകൊണ്ട് അതിന് വെളിയിലോ ഒരു തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെട്ടിരിക്കുകയോ അല്ലെങ്കിൽ ബിസിനസ് നടത്തുകയോ പൊതുവോ, സ്വകാര്യമായതോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുകയോ, മുതൽ മുടക്കുകളിൽ നിന്ന് ഏതെങ്കിലും ആദായം ലഭിച്ചുകൊണ്ടിരിക്കുകയോ ചെയ്യുന്ന ഏതൊരാളുടേയുംമേൽ തൊഴിൽ നികുതി ചുമത്തേണ്ടതാണ്. അർദ്ധ വാർഷിക വരുമാനത്തിന്റെ അടിസ്ഥാനത്തിൽ തൊഴിൽ നികുതി ഈടാക്കുന്നതിനായി കേരള പഞ്ചായത്ത് രാജ്(തൊഴിൽ നികുതി)ചട്ടങ്ങൾ, 1996 പുറപ്പെടുവിച്ചിട്ടുണ്ട്.

തൊഴിൽ നികുതി ഡിമാന്റ് ചെയ്യുന്നതിലേയും പിരിച്ചെടുക്കുന്നതിലേയും കാര്യക്ഷമത പരിശോധിക്കുക എന്ന ലക്ഷ്യത്തോടെ ഡിമാന്റ് രജിസ്റ്ററുകൾ, സ്ഥാപനങ്ങൾ സമർപ്പിച്ചിട്ടുള്ള അർദ്ധ വാർഷിക റിട്ടേണുകൾ, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മിനിട്സുകൾ മുതലായ രേഖകൾ മുൻനിർത്തി പരിശോധിക്കുകയുണ്ടായി.

കാഞ്ഞിരപ്പുഴ ഗ്രാമപഞ്ചായത്തിൽ 2022-23 വർഷത്തിൽ 69 സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നാണ് തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടുള്ളത്.

**വാർഷിക കണക്ക് പ്രകാരമുള്ള തൊഴിൽ നികുതി വരവ്**

ജീവനക്കാരുടെ തൊഴിൽ നികുതി - 9,10,300രൂപ

സ്ഥാപനം/ട്രേഡേഴ്സിന്റെ തൊഴിൽ നികുതി - 3,87,870രൂപ

ആകെ - 12,98,170 രൂപ

**തൊഴിൽ നികുതി പിരിവിലെ കാര്യക്ഷമത വിലയിരുത്തിയതിന്മേലുള്ള കണ്ടെത്തലുകളും നിരീക്ഷണങ്ങളും താഴെ ചേർക്കുന്നു.**

**എ) ജീവനക്കാരുടെയും സ്ഥാപനങ്ങളുടെയും ഡാറ്റാബേസ് സൂക്ഷിക്കുന്നില്ല**

1996 ലെ കേരള പഞ്ചായത്ത് രാജ്(തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 10 പ്രകാരം ഏതെങ്കിലും കമ്പനിയോ, വ്യക്തിയോ ഒരു അർദ്ധ വർഷത്തേക്ക് തൊഴിൽ നികുതി കൊടുക്കേണ്ടതാണെന്ന് സെക്രട്ടറിക്ക് അഭിപ്രായമുള്ള പക്ഷം തുടർന്നുള്ള അർദ്ധ വർഷത്തിൽ ഒരു നോട്ടീസ് പ്രകാരം പതിനഞ്ചു ദിവസത്തിനുള്ളിൽ ഒരു റിട്ടേൺ സമർപ്പിക്കണമെന്ന് ആവശ്യപ്പെടാവുന്നതാണ്. സമർപ്പിക്കപ്പെടുന്ന റിട്ടേണിന്റെ അടിസ്ഥാനത്തിൽ തൊഴിൽ നികുതി ചുമത്താവുന്നതാണ്. ചട്ടം 14, 16 എന്നിവ പ്രകാരം തൊഴിലുടമയോടോ അവരുടെ പ്രതിനിധികളോടോ ജീവനക്കാരുടെ പേരുവിവരം ശമ്പളത്തിന്റെ സ്റ്റേറ്റ്മെന്റ് സഹിതം സമർപ്പിക്കുവാൻ ആവശ്യപ്പെടാവുന്നതാണ്.

നോട്ടീസ് നൽകുക, ജീവനക്കാരുടെ വിവരം ആവശ്യപ്പെടുക എന്നീ നടപടിക്രമങ്ങൾ കാര്യക്ഷമമാക്കുന്നതിനായി എല്ലാ സ്ഥാപനങ്ങളുടേയും വിശദാംശങ്ങൾ അടങ്ങിയ ഡാറ്റാബേസ് സൂക്ഷിച്ചിട്ടില്ല. ഡിമാന്റ് രജിസ്റ്ററിന്റെ ആദ്യ ഭാഗത്ത് രേഖപ്പെടുത്തുന്ന സ്ഥാപനങ്ങളുടെ പട്ടികയെ അടിസ്ഥാനമാക്കിയാണ് ഓരോ അർദ്ധ വർഷത്തിലും നികുതി ഡിമാന്റ് ചെയ്യുന്നത്.

ലൈസൻസ് ഉള്ള സ്ഥാപനങ്ങളിലെ എല്ലാ ജീവനക്കാരുടേയും തൊഴിൽ നികുതി ഡിമാന്റ് ചെയ്തിട്ടുണ്ടോ എന്ന് രേഖകൾ പരിശോധിച്ച് ബോദ്ധ്യപ്പെടാനാകാത്ത സ്ഥിതിവിശേഷവും നിലവിലുണ്ട്.

വിവര ശേഖരണത്തോടൊപ്പം തൊഴിൽ വകുപ്പ്, വ്യവസായ വകുപ്പ്, ജി.എസ്.ടി വകുപ്പ്, തൊഴിലാളി ക്ഷേമനിധി ബോർഡ്, വ്യാപാരി വ്യവസായി സംഘടനകൾ മുതലായ സ്ഥാപനങ്ങൾ മുഖേന കമ്പനികളുടേയും തൊഴിലാളികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുന്നതിനുള്ള സാധ്യത പ്രയോജനപ്പെടുത്തേണ്ടതാണ്.

എല്ലാ സ്ഥാപനങ്ങളുടേയും വിവരം രേഖപ്പെടുത്തിയ ഡാറ്റാബേസ് തയ്യാറാക്കേണ്ടതും ആയത് കാലികമാക്കി സൂക്ഷിക്കേണ്ടതുമാണ്.

**ബി) സ്ഥാപനങ്ങളുടെയും വ്യക്തികളുടെയും വരുമാനം സംബന്ധിച്ച വിവരശേഖരണം**

1996 ലെ കേരള പഞ്ചായത്ത് രാജ്(തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 13 പ്രകാരം (വകുപ്പ് 205ബി) ഏതെങ്കിലും ഹോട്ടലിന്റേയോ, ബോർഡിംഗിന്റേയോ, ലോഡ്ജിംഗ് ഹൗസിന്റേയോ, ക്ലബ്ബിന്റേയോ നടത്തിപ്പുകാരോട് താമസക്കാരുടെ തൊഴിൽ, കല മുതലായവയുടെ വിവരം ആവശ്യപ്പെടാവുന്നതാണ്. ചട്ടം 14 പ്രകാരം തൊഴിലുടമയോടോ, അവരുടെ പ്രതിനിധികളോടോ ജീവനക്കാരുടെ പേരുവിവരം സമർപ്പിക്കുവാൻ ആവശ്യപ്പെടാവുന്നതാണ് (വകുപ്പ് 205 സി). ചട്ടം 16 പ്രകാരം തൊഴിലുടമകളോട് ജീവനക്കാരുടെ വരുമാനത്തേയോ, ശമ്പളത്തേയോ സംബന്ധിച്ച വിവരം ആവശ്യപ്പേടേണ്ടതും തുടർന്ന് വിവിധ നടപടിക്രമങ്ങൾ പാലിച്ച് ചട്ടം 18 പ്രകാരം തൊഴിൽ നികുതി ഡിമാന്റ് ചെയ്യേണ്ടതുമാണ്.

തൊഴിൽ നികുതിയുടെ ആവശ്യത്തിനായി രണ്ട് അർദ്ധ വർഷങ്ങളിലും ഡിമാന്റ് നോട്ടീസ് നൽകുന്നതിനു മുമ്പായി ചട്ടങ്ങൾ പ്രകാരമുള്ള വിവരശേഖരണം ഗ്രാമപഞ്ചായത്തിൽ നടത്തിയിട്ടില്ല.

**സി) ഡിമാന്റ് നോട്ടീസ് നൽകുന്നതിലെ കാര്യക്ഷമത**

ഗ്രാമപഞ്ചായത്തിൽ സൂക്ഷിക്കുന്ന പട്ടിക പ്രകാരം സ്ഥാപനങ്ങൾക്ക് ഡിമാന്റ് നോട്ടീസ് നൽകുന്ന രീതിയാണ് തുടർന്നു വരുന്നത്. ഏതെങ്കിലും സ്ഥാപനങ്ങളോ ജീവനക്കാരോ ഡിമാന്റിൽ നിന്നും വിട്ടുപോയിട്ടുണ്ടോ എന്ന് ഉറപ്പാക്കുന്നതിനായി ശാസ്ത്രീയ രീതികൾ അവലംബിക്കുന്നില്ല. 2022-23 വർഷത്തിൽ MSME രജിസ്ട്രേഷൻ എടുത്ത സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകി നികുതി ഡിമാന്റ് ചെയ്തിട്ടില്ല എന്ന് കണ്ടെത്തിയിട്ടുണ്ട്. MSME സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

**ഡി) സമർപ്പിച്ചിട്ടുള്ള വിവരങ്ങളുടെ ആധികാരികത ഉറപ്പാക്കൽ**

ഗ്രാമപഞ്ചായത്തിലെ തൊഴിൽ നികുതി സെക്ഷനിൽ റിട്ടേണുകളുടെ പൊതുവായ വിലയിരുത്തൽ മാത്രമാണ് നടക്കുന്നത്. വിവരങ്ങളുടെ ആധികാരികത ഉറപ്പാക്കുന്നതിനായി സ്ഥാപന സന്ദർശനം നടത്തി സ്ഥാപനത്തിലെ രജിസ്റ്ററുമായി പൊരുത്തപ്പെടുത്തി പരിശോധിച്ചതായി കാണുന്നില്ല.

**ഇ) തൊഴിൽ നികുതിയുടെ കമ്പ്യൂട്ടറൈസേഷൻ**

എസ്.ആർ.ഒ നം. 612/2017 തിയതി 31-10-2017 പ്രകാരം തൊഴിൽ നികുതി ചട്ടങ്ങളിൽ ചട്ടം 14എ കൂട്ടിച്ചേർത്തിട്ടുണ്ട്. ആയതനുസരിച്ച് തൊഴിൽ നികുതി ഈടാക്കി ഒടുക്കുവാൻ ബാധ്യസ്ഥരായ ഉദ്യോഗസ്ഥർക്ക് ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ ചെയ്യുന്നതിനും സെക്രട്ടറി നൽകുന്ന യൂസർ നെയിം, പാസ്‌വേർഡ് എന്നിവ ഉപയോഗിച്ച് തൊഴിൽ നികുതി ഓൺലൈൻ ആയി ഒടുക്കുന്നതിനുമുള്ള പോർട്ടൽ രൂപീകരിക്കുവാനുമാണ് വിഭാവനം ചെയ്തിട്ടുള്ളത്. നാളിതുവരെ അത്തരത്തിലൊരു സംവിധാനം നിലവിൽ വന്നിട്ടില്ല.

സഞ്ചയ സോഫ്റ്റ്‌വെയറിൽ തൊഴിൽ നികുതി കൈകാര്യം ചെയ്യുന്നതിനുള്ള മോഡ്യൂൾ കൂടി വിഭാവനം ചെയ്തിട്ടുണ്ടെങ്കിലും ആയതിനുള്ള മോഡ്യൂൾ സഞ്ചയയിൽ നാളിതുവരെ ഉൾപ്പെടുത്തിയിട്ടില്ല. ചട്ടങ്ങളിൽ ഓൺലൈൻ സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള വ്യവസ്ഥ ഉണ്ടായിട്ടും അത്തരത്തിലുള്ള സംവിധാനം ഏർപ്പെടുത്താത്തത് സർക്കാരിന്റെ ശ്രദ്ധയിൽ പ്പെടുത്തേണ്ടതാണ്.

**ഓഡിറ്റ് നിർദ്ദേശങ്ങൾ**

1. ഓരോ അർദ്ധ വർഷവും തൊഴിൽ നികുതി ഡിമാന്റ് ചെയ്യുന്നതിനു മുമ്പായി പാലിക്കേണ്ട നടപടിക്രമങ്ങൾ പാലിച്ചിട്ടുണ്ടെന്നും പഞ്ചായത്ത് പരിധിയിലെ എല്ലാ സ്ഥാപനങ്ങളും ജീവനക്കാരും തൊഴിൽ നികുതിയുടെ പരിധിയിൽ ഉൾപ്പെട്ടിട്ടുണ്ടെന്നും ഉറപ്പാക്കുന്ന തരത്തിലുള്ള പരിശോധനകൾ ഉണ്ടാകേണ്ടതാണ്.

2. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും മേൽനോട്ടച്ചുമതലുള്ള ഉദ്യോഗസ്ഥരും നികുതി പിരിവിന്മേൽ കാര്യക്ഷമമായ ഇടപെടൽ നടത്തേണ്ടതാണ്. തുടർനടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

**1-12-1 തൊഴിൽനികുതി പിരിവ് കാര്യക്ഷമമാക്കേണ്ടതാണ്**

ലൈസൻസ് അനുവദിച്ചിട്ടുണ്ടെങ്കിലും ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്യുകയോ ഈടാക്കുകയോ ചെയ്തിട്ടില്ലാത്ത ഏതാനും സ്ഥാപനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ലൈസൻസ് അപേക്ഷ പ്രകാരം ജീവനക്കാരുടെ എണ്ണം |
|---|---|---|
| 1 | നക്ഷത്ര അമൃതം ഫുഡ് പ്രോഡക്ട്സ് | 6 |
| 2 | മിഖായേൽ എച്ച് പി ഗ്യാസ് | 5 |
| 3 | എ എം ജെ ഫ്യൂവൽസ് | 5 |
| 4 | ദാസ് ഓട്ടോമൊബൈൽസ് | 4 |
| 5 | വൃന്ദാവൻ വെഡിങ് കളക്ഷൻസ് | 10 |
| 6 | അലങ്കാർ ട്രേഡിങ് കമ്പനി | 7 |
| 7 | എച്ച് ആൻഡ് എസ് ഇന്ത്യൻ ഓയിൽ ഡീലർ | 18 |
| 8 | മാവേലി സൂപ്പർ സ്റ്റോർ | 4 |
| 9 | മരിയൻ ക്രിയേഷൻ | 10 |
| 10 | ചാലിങ്കൽ റബർ നേഴ്സറി | 10 |
| 11 | റിയാസ് സോ മിൽ | 4 |
| 12 | കാഞ്ഞിരം മെഡിക്കൽ സെന്റർ | 4 |

മേൽ സൂചിപ്പിച്ചവ ഏതാനും ഉദാഹരണങ്ങൾ മാത്രമാണ്. മിക്ക അപേക്ഷകളിലും ജോലി ചെയ്യുന്ന തൊഴിലാളികളുടെ എണ്ണം രേഖപ്പെടുത്താതെ ലൈസൻസ് അനുവദിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് പരിധിയിൽ വരുന്ന തൊഴിൽ നികുതി ഒടുക്കുവാൻ ബാധ്യസ്ഥരായ എല്ലാ സ്ഥാപനങ്ങളിലേയും ജീവനക്കാരുടെയും തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കാത്തതിന്റെ കാരണം വ്യക്തമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം. 13/31.10.23 നുള്ള മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-13 നികുതിയേതര വരവുകൾ - അവലോകനം

ലൈസൻസ് ഫീസ്, പെർമിറ്റ് ഫീസ്, വസ്തുവകകളിൽ നിന്നുള്ള ആദായം, വിവിധ ആസ്തികളുടെ ഉപയോഗത്തിനുള്ള ഫീസ്, രജിസ്ട്രേഷൻ ഫീസ്, മറ്റ് വരവുകൾ മുതലായവ നികുതിയേതര ഇനങ്ങളിൽ നിന്നുള്ള റവന്യൂ പിരിച്ചെടുക്കുന്നതിൽ കൃത്യത പാലിച്ചിട്ടുണ്ടോ എന്ന് പരിശോധിച്ചതിന്മേലുള്ള നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

**1) ഫാക്ടറികൾക്കും വ്യവസായങ്ങൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ**

2022-23 വർഷത്തിൽ 411 സ്ഥാപനങ്ങൾക്കാണ് ലൈസൻസ് അനുവദിക്കുകയോ പുതുക്കി നൽകുകയോ ചെയ്തിട്ടുള്ളത്. ലൈസൻസ് ഫീസ് ഇനത്തിൽ ആകെ 2,47,800 രൂപയാണ് ലഭ്യമായിട്ടുള്ളത്.

ലൈസൻസ് അനുവദിക്കുന്നതിലെ നടപടിക്രമങ്ങൾ വിലയിരുത്തുന്നതിനായി ഡിമാന്റ് രജിസ്റ്റർ, അപേക്ഷകൾ എന്നിവ പരിശോധിച്ചതിന്മേലുള്ള നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

**എ) ഫീസ് ഘടനയിലെ അവ്യക്തത**

1996ലെ ലൈസൻസ് ചട്ടങ്ങളിലെ പട്ടിക-II ലെ നിരക്കിൽ സ്ഥാപനങ്ങളുടെ വാർഷിക വിറ്റു വരവിന്റെ അടിസ്ഥാനത്തിലാണ് ലൈസൻസ് ഫീസ് ഈടാക്കിയിരുന്നത്. 31-10-2017 ലെ ഭേദഗതി ചട്ടങ്ങൾ പ്രകാരം 'വിറ്റു വരവ്' എന്നത് 'മൂലധന നിക്ഷേപം' (Investment) എന്നാക്കി മാറ്റുകയും പട്ടിക-II പുതുക്കുകയും ചെയ്തിട്ടുണ്ട്. സ്ഥാപനങ്ങളെ മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ് എന്നീ വിഭാഗങ്ങളാക്കി തിരിച്ച് ഉത്പാദനമേഖല, സേവനമേഖല എന്നിങ്ങനെ വേർതിരിക്കുകയും ചെയ്തു. സ്ഥാപനങ്ങളുടെ മൂലധന നിക്ഷേപത്തെ അടിസ്ഥാനമാക്കി 500 മുതൽ 15000 രൂപ വരെയുള്ള ലൈസൻസ് ഫീസാണ് നിശ്ചയിച്ചിട്ടുള്ളത്. പട്ടികയിൽ നൽകിയിട്ടുള്ള തുക, ഈടാക്കാവുന്ന ഫീസിന്റെ പരമാവധിയാണ്. വ്യത്യസ്ഥ മൂലധന നിക്ഷേപമുള്ള സ്ഥാപനങ്ങളിൽ നിന്നും വ്യത്യസ്ഥ നിരക്കിൽ ഫീസ് ഈടാക്കാവുന്നതാണെങ്കിലും സ്ലാബ് തിരിച്ച് ഈടാക്കാവുന്ന നിരക്ക് ഗ്രാമപഞ്ചായത്ത് നിശ്ചയിച്ചിട്ടില്ല.

**ബി) കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ ആക്റ്റ്, 2019 പ്രകാരമുള്ള മാറ്റങ്ങളും ലൈസൻസും**

സംസ്ഥാനത്ത് സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായങ്ങൾ (എം.എസ്.എം.ഇ) സ്ഥാപിക്കുന്നതിനും പ്രവർത്തിപ്പിക്കുന്നതിനും പരിശോധനകളിൽ നിന്നും പ്രസ്തുത സ്ഥാപനങ്ങളെ ഒഴിവാക്കുന്നതിനുമുള്ള കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ ആക്റ്റ്, 2019 പുറപ്പെടുവിച്ചിട്ടുണ്ട്. കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ ചട്ടങ്ങൾ, 2020 ഉം പുറപ്പെടുവിച്ചിട്ടുണ്ട്.

കേരള മലിനീകരണ നിയന്ത്രണ ബോർഡ്, 'റെഡ് കാറ്റഗറി' വിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടില്ലാത്ത ഒരു വ്യവസായ സ്ഥാപനം ആരംഭിക്കുവാൻ ഉദ്ദേശിക്കുന്ന ഏതൊരാളും ഫോറം-I ൽ നോഡൽ ഏജൻസി മുമ്പാകെ സ്വയം സാക്ഷ്യപത്രം(Self Certification) സമർപ്പിച്ചാൽ ഒരു കൈപ്പറ്റ് സാക്ഷ്യപത്രം (Acknowledgement Certificate) ലഭിക്കുന്നതാണ്. സാക്ഷ്യപത്രത്തിന് മൂന്നു വർഷം വരെ പ്രാബല്യമുണ്ടാകുന്നതാണ്. മൂന്ന് വർഷക്കാലയളവിനുള്ളിൽ, ഏതെങ്കിലും സംസ്ഥാന നിയമത്തിൻകീഴിൽ ആവശ്യമായ ലൈസൻസുകളും അനുവാദങ്ങളും അംഗീകാരങ്ങളും ക്ലിയറൻസുകളും രജിസ്ട്രേഷനുകളും അനുമതികളും നിരാക്ഷേപ പത്രങ്ങളും സമാനമായവയും നൽകുന്നതിന് ക്ഷമതയുള്ള അധികാര സ്ഥാനം, അംഗീകാരം നൽകുന്നതിന്റെ ആവശ്യത്തിലേക്കായോ, അതുമായി ബന്ധപ്പെട്ടോ മറ്റേതെങ്കിലും പരിശോധന നടത്തുവാൻ പാടുള്ളതല്ല.

ഗ്രാമപഞ്ചായത്തിലെ എന്റർപ്രൈസസ് ഡെവലപ്പ്മെന്റ് എക്സിക്യൂട്ടീവ് ലഭ്യമാക്കിയ വിവരം അനുസരിച്ച് 2022-23 വർഷത്തിൽ 21 സ്ഥാപനങ്ങൾ MSME Development Act, 2006 പ്രകാരം ഉദ്യം രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നേടിയിട്ടുണ്ട്. എന്നാൽ MSME കളുടെ കൃത്യമായ വിവരം ഗ്രാമപഞ്ചായത്തിൽ ലഭ്യമല്ല.

എല്ലാ MSME കളും ലൈസൻസ് എടുത്തിട്ടുണ്ടെന്ന് ഉറപ്പാക്കുന്നില്ല. കൈപ്പറ്റ് സാക്ഷ്യപത്രം ലഭ്യമാക്കി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ കണക്ക് ഗ്രാമപഞ്ചായത്തിൽ ലഭ്യമല്ല. അത്തരം സ്ഥാപനങ്ങൾ ബാധകമായ നികുതി ഒടുക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

**സി) ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കൽ**

സ്ഥാപനങ്ങളുടെ വാർഡ് അടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കിയിട്ടില്ല. ലൈസൻസ് ഫീസ് ഒടുക്കിയ സ്ഥാപനങ്ങളുടെ വിവരങ്ങൾ മാത്രമാണ് ലൈസൻസ് രജിസ്റ്ററിൽ ഉൾപ്പെടുത്തുന്നത്. ട്രേഡേഴ്സ് ലിസ്റ്റ് വസ്തുതാപരമായും ശാസ്ത്രീയമായും തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

**ഡി) ഡിമാന്റിന്റെ പൂർണ്ണത**

സഞ്ചയയിലെ ഡാറ്റ പ്രകാരം വാണിജ്യാവശ്യത്തിനായുള്ള കെട്ടിടങ്ങൾ അസസ്സ് ചെയ്തിട്ടുണ്ടെങ്കിലും 411 സ്ഥാപനങ്ങൾ മാത്രമേ ലൈസൻസ് എടുത്തിട്ടുള്ളു എന്ന് കണ്ടെത്തി. വസ്തു നികുതി ഒടുക്കുന്ന ഗാർഹികേതര സ്ഥാപനങ്ങളുടെ കണക്കും ലൈസൻസ് എടുത്ത സ്ഥാപനങ്ങളുടെ കണക്കും പൊരുത്തപ്പെടാത്ത സാഹചര്യം നിലവിലുണ്ട്.

**ഓഡിറ്റ് നിർദ്ദേശങ്ങൾ**

→വാർഡ് അടിസ്ഥാനത്തിൽ ഉദ്യോഗസ്ഥരുടെയും ജനപ്രതിനിധികളുടെയും ഫീൽഡ് തല പരിശോധനയിലൂടെ ലൈസൻസ് എടുക്കാത്ത സ്ഥാപനങ്ങളെ കണ്ടെത്തി ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കേണ്ടതാണ്.

→ലൈസൻസ് എടുക്കുവാൻ ബാധ്യസ്ഥരായ എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

→2016 ലെ പ്ലാസ്റ്റിക് മാലിന്യ പരിപാലന ചട്ടങ്ങൾ പ്രകാരമുള്ള വ്യവസ്ഥകൾ സത്യവാങ്മൂലത്തിൽ ഉറപ്പാക്കേണ്ടതാണ്.

**2) മറ്റ് ലൈസൻസുകൾ**

**എ) പന്നികൾക്കും പട്ടികൾക്കും ലൈസൻസ്**

കേരള പഞ്ചായത്ത് രാജ് (പന്നികൾക്കും പട്ടികൾക്കും ലൈസൻസ് നൽ കൽ) ചട്ടങ്ങൾ, 1998 പ്രകാരം പന്നികളേയും പട്ടികളേയും വളർത്തുന്നതിനുള്ള നിയന്ത്രണത്തിനായി ലൈസൻസ് ഏർപ്പെടുത്തിയിട്ടുണ്ട്. അപേക്ഷാ ഫീസ് 50 രൂപയായി പുതുക്കിയിട്ടുണ്ട്. ഈ ഇനത്തിൽ 3600 രൂപയാണ് വരവുള്ളത്. നിലവിലെ സാഹചര്യത്തിൽ എല്ലാ വളർത്തു നായ്ക്കൾക്കും ലൈസൻസ് അനുവദിക്കുന്നത് നിർബന്ധമാക്കേണ്ടതാണ്.

**ബി) ലൈവ്സ്റ്റോക്ക് ഫാമുകൾക്കുള്ള ലൈസൻസ്**

കേരള പഞ്ചായത്ത് രാജ്(ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങൾ, 2012 പ്രകാരം ലൈസൻസ് ഇനത്തിൽ വരവൊന്നുമില്ല. ഗ്രാമപഞ്ചായത്തിന് കീഴിലുള്ള ലൈവ്സ്റ്റോക്ക് ഫാമുകളെല്ലാം കൃത്യമായ ലൈസൻസോടുകൂടിയാണ് പ്രവർത്തിക്കുന്നതെന്ന് അധികൃതർ ഉറപ്പാക്കേണ്ടതാണ്.

**3) വാടക**

ഗ്രാമപഞ്ചായത്തിൽ ഒരു കെട്ടിടവും 2 കടമുറികളുമാണ് വാടകയ്ക്ക് നൽകുന്നത്. ഇവയിൽ നിന്നും ₹98,712 തൻവർഷം വരവുണ്ട്. വാടകയ്ക്ക് നൽകുന്നത് സംബന്ധിച്ച് ബൈലോ രൂപീകരിച്ചിട്ടില്ല.

**4) കെട്ടിട നിർമ്മാണം, ഭൂവികസനം – പെർമിറ്റ് അനുവദിക്കൽ**

തൻവർഷം 2,94,993 രൂപ പെർമിറ്റ് ഫീസ് ആയി ഈടാക്കിയിട്ടുണ്ട്. റഗുലറൈസേഷൻ ഫീസ് ഇനത്തിൽ 1,74,177 രൂപ ലഭ്യമായിട്ടുണ്ട്.

**സർക്കാരിലേക്കുള്ള റിപ്പോർട്ട്, വിജിലൻസ് സംവിധാനം**

കണ്ടുപിടിക്കപ്പെട്ട അനധികൃത നിർമ്മാണങ്ങളുടെ എണ്ണവും സ്വീകരിച്ച നടപടികളും തീർപ്പാക്കുവാൻ അവശേഷിക്കുന്ന ക്രമവത്ക്കരണത്തിനുള്ള അപേക്ഷകൾ മുതലായ വിവരങ്ങൾ അടങ്ങിയ ഒരു റിപ്പോർട്ട് ഓരോ മൂന്ന് മാസം കൂടുമ്പോഴും സെക്രട്ടറി സർക്കാരിലേക്ക് അയയ്ക്കേണ്ടതാണെന്ന് 2019 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 104 ൽ നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ അത്തരത്തിലുള്ള റിപ്പോർട്ട് കൃത്യമായി നൽകുന്നില്ല. ചട്ടം 105 പ്രകാരമുള്ള വിജിലൻസ് സംവിധാനവും കാര്യക്ഷമമല്ല.

ആവശ്യമായ പരിശോധന നടത്തി സർക്കാരിലേക്ക് റിപ്പോർട്ട് നൽകുവാനും പരിശോധനാ സംവിധാനം കാര്യക്ഷമമാക്കുവാനും നടപടികൾ ഉണ്ടാകേണ്ടതാണ്.

**5) സ്വകാര്യ ആശുപത്രികൾ പാരാമെഡിക്കൽ സ്ഥാപനങ്ങൾ, ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ എന്നിവയുടെ രജിസ്ട്രേഷൻ**

സ്വകാര്യ ആശുപത്രികൾ, ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ എന്നിവയ്ക്ക് ഗ്രാമപഞ്ചായത്തിന്റെ രജിസ്ട്രേഷൻ ആവശ്യമാണ്. സ്വകാര്യ ആശുപത്രികൾ പാരാമെഡിക്കൽ വിഭാഗത്തിൽ 4 സ്ഥാപനങ്ങൾ നിലവിൽ പ്രവർത്തിക്കുന്നുണ്ട്. 2 സ്ഥാപനങ്ങൾ പുതിയ രജിസ്ട്രേഷൻ എടുക്കുകയും 2 എണ്ണം രജിസ്ട്രേഷൻ പുതുക്കുകയും ചെയ്തിട്ടുണ്ട്. ഈ ഇനത്തിൽ 500 രൂപ വരവുണ്ട്.

ലഭ്യമായ രേഖകൾ പരിശോധിച്ചത് പ്രകാരം ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നില്ല.

**6) മറ്റ് വരവുകൾ**

കാലഹരണപ്പെട്ട ആസ്തികൾ വില്പന നടത്തിയതിൽ 1,62,736 രൂപ ലഭ്യമായിട്ടുണ്ട്.

കുളങ്ങൾ, പുറമ്പോക്കുകൾ, ബങ്ക്, സ്റ്റാളുകൾ, ഫലവൃക്ഷങ്ങൾ, കംഫർട്ട് സ്റ്റേഷനുകൾ, യന്ത്രോപകരണങ്ങൾ മുതലായവയിൽ നിന്നും വരവൊന്നുമില്ല.

## 1-14 ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ

ലൈസൻസ് പരിശോധനയിലെ കണ്ടെത്തലുകൾ തുടർ ഖണ്ഡികകളായി ചേർക്കുന്നു. ഓഡിറ്റ് അന്വേഷണം നം. 15/31.10.2023 നുള്ള മറുപടി ലഭ്യമാക്കിയിട്ടില്ല.

### 1-14-1 ഗ്രാമപഞ്ചായത്തിൽ ലൈസൻസ് എടുക്കേണ്ട സ്ഥാപനങ്ങളുടെ പൂർണ്ണമായ വിവരങ്ങൾ സൂക്ഷിച്ചിട്ടില്ല

2022-23 വർഷത്തിൽ 411 സ്ഥാപനങ്ങൾക്കാണ് ലൈസൻസ് അനുവദിച്ചിട്ടുള്ളത്. സഞ്ചയ സോഫ്റ്റ്‌വെയറിലെ കണക്കുകൾ പ്രകാരം വാണിജ്യം, വ്യവസായം എന്നീ ഉപയോഗക്രമങ്ങളിലായി 19 വാർഡുകളിലായി 2055 കെട്ടിടങ്ങളാണ് നിലവിലുള്ളത്. വസ്തു നികുതി അടവാക്കിയതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി സൂക്ഷിക്കാത്തതിനാൽ ഡിമാന്റ് പൂർണ്ണമാണോ എന്നതിന്റെയും ഗ്രാമപഞ്ചായത്തിൽ ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടോ എന്നതിന്റെയും കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല. സ്ഥാപനങ്ങളുടെ വാർഡ് തിരിച്ചുള്ള ട്രേഡേഴ്സ് ലിസ്റ്റ് കമ്പ്യൂട്ടറൈസ് ചെയ്ത് പുതിയ സ്ഥാപനങ്ങളുടെ വിവരങ്ങൾ ഉൾക്കൊള്ളിച്ച് കാലികമാക്കേണ്ടതും ഗ്രാമപഞ്ചായത്തിലെ മുഴുവൻ വാർഡുകളിലും ഫീൽഡ് വെരിഫിക്കേഷൻ നടത്തി ലൈസൻസ് പരിധിയിൽ വരുന്ന മുഴുവൻ സ്ഥാപനങ്ങളും ലൈസൻസ് എടുക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതുമാണ്. ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന മറ്റ് സ്ഥാപനങ്ങളുടെ വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

### 1-14-2 അപേക്ഷകളിലെ സാക്ഷ്യപ്പെടുത്തലുകൾ അപൂർണ്ണം

2022-23 വർഷത്തിൽ ലൈസൻസ് അനുവദിച്ചത് ക്രമപ്രകാരമാണോ എന്ന് വിലയിരുത്തുന്നതിനായി ഡിമാന്റ് രജിസ്റ്റർ, അപേക്ഷകൾ എന്നിവ പരിശോധിച്ചു. ഹാജരാക്കിയ അപേക്ഷകൾ പരിശോധിച്ചതിൽ ഇനി പറയും പ്രകാരമുള്ള അപാകങ്ങൾ കണ്ടെത്തിയിട്ടുണ്ട്.

മിക്ക അപേക്ഷകളിലും ജോലി ചെയ്യുന്ന തൊഴിലാളികളുടെ എണ്ണം, മൂലധനം, മാലിന്യങ്ങൾ നീക്കം ചെയ്യാൻ സംവിധാനം ഒരുക്കിയതിന്റെ വിവരങ്ങൾ, മോട്ടോറുകളുടെ കുതിരശക്തി എന്നിവ രേഖപ്പെടുത്തിയിട്ടില്ല. ഇവ രേഖപ്പെടുത്താത്ത അപേക്ഷകളിൽ ലൈസൻസ് ഫീസ് നിർണയിച്ച് ഈടാക്കിയത് ക്രമപ്രകാരമല്ല. അപേക്ഷകളിൽ രേഖപ്പെടുത്തുന്ന മൂലധന നിക്ഷേപത്തിന്റെ ആധികാരികത പരിശോധിക്കപ്പെടുന്നില്ല. ഫീസ് പിരിക്കുന്നതിന് സ്ഥാപനങ്ങൾ ഉൽപാദനം, സേവനം എന്നീ മേഖലകളിൽ ഏതിലാണ് ഉൾപ്പെടുന്നതെന്നോ മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ്ജ് എന്നിങ്ങനെ തരം ഏതാണെന്നോ ലൈസൻസ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ലൈസൻസ് ലഭിക്കുന്നതിനായുള്ള പല അപേക്ഷകളിലും സെക്ഷൻ ക്ലർക്കിന്റെ അന്വേഷണ റിപ്പോർട്ടും മേലുദ്യോഗസ്ഥന്റെ ശുപാർശയും സെക്രട്ടറിയുടെ അംഗീകാരവും രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല എന്ന് പരിശോധനയിൽ ബോധ്യപ്പെട്ടു. അപേക്ഷകൾ സ്വീകരിക്കുന്ന സമയത്തുതന്നെ അവ പൂർണ്ണമാണോ എന്ന് പരിശോധിച്ച് ഉറപ്പ് വരുത്തി മാത്രം തുടർ നടപടികൾ സ്വീകരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

**1-14-3 2016 ലെ പ്ലാസ്റ്റിക് മാലിന്യ പരിപാലന ചട്ടങ്ങൾ പാലിക്കേണ്ടതാണ്**

പ്ലാസ്റ്റിക് മാലിന്യ പരിപാലന ചട്ടങ്ങൾ 2016 ചട്ടം 4(1) ൽ 2021 ൽ വരുത്തിയ ഭേദഗതികൾ പ്രകാരം (ജി.എസ്.ആർ 571 (ഇ) തീയതി : 12.08.2021) പ്ലാസ്റ്റിക് ക്യാരി ബാഗുകളുടെ കനം 30.09.2021 മുതൽ 75 മൈക്രോണിലും 31.12.2022 മുതൽ 120 മൈക്രോണിലും കുറയാൻ പാടുള്ളതല്ലെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ കാഞ്ഞിരപ്പുഴ ഗ്രാമപഞ്ചായത്തിൽ ലൈസൻസ് പുതുക്കുന്നതോടൊപ്പമുള്ള മിക്ക അപേക്ഷകളിലേയും സത്യവാങ്മൂലത്തിൽ 50 മൈക്രോണിൽ കുറയാതെയുള്ള പ്ലാസ്റ്റിക് ക്യാരി ബാഗുകൾ ഉപയോഗിക്കാൻ പാടില്ലെന്നാണ് നിഷ്കർഷിച്ചിട്ടുള്ളത്. ലൈസൻസ് അപേക്ഷയിൽ ഉചിതമായ മാറ്റം വരുത്തേണ്ടതാണ്.

**1-15 ഹോമിയോ ആശുപത്രിയിലെ മരുന്നു വാങ്ങൽ - മരുന്നുകളുടെ ലഭ്യത ഉറപ്പാക്കേണ്ടതാണ്**

2022 - 23 വർഷത്തിൽ ഹോമിയോ ആശുപത്രിയിലേക്കാവശ്യമായ മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള പ്രോജക്റ്റ് പ്രകാരം വകയിരുത്തിയ 2,50,000/- രൂപ ചെലവഴിച്ചിട്ടുണ്ടെങ്കിലും മുഴുവൻ മരുന്നുകളും നാളിതുവരെ ലഭ്യമായിട്ടില്ല. രേഖകളുടെ പരിശോധനയിന്മേലുള്ള നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

പ്രൊജക്റ്റ്.നം. - 31/23 - ഹോമിയോ ആശുപത്രിക്ക് മരുന്നു വാങ്ങൽ

അടങ്കൽ - 2,50,000/- (മെയിന്റനൻസ് ഫണ്ട് റോഡിതരം)

ചെലവ് - 2,50,000/-

നിർവ്വഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ (ഹോമിയോ)

ബിൽ നം. 01/11.01.2023 പ്രകാരം 24 ഇനം മരുന്നുകൾക്കും അനുബന്ധ സാമഗ്രികൾക്കുമായി 2,50,000/- രൂപ ട്രഷറിയിൽ നിന്നും പിൻവലിച്ച് Kerala State Homoeopathic Co-Operative Pharmacy Ltd, Alappuzha യുടെ 34306403911 നമ്പർ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തു നൽകിയിട്ടുണ്ടെങ്കിലും 1,25,120/- രൂപയുടെ മരുന്നുകൾ മാത്രമാണ് LF-963/11.08.2023 നമ്പർ ഇൻവോയ്സ് മുഖേന ഹോംകോയിൽ നിന്നും ലഭ്യമാക്കിയിട്ടുള്ളത്.

നിലവിലെ സാഹചര്യത്തിൽ ആശുപത്രിയുടെ പ്രവർത്തനം മുന്നോട്ടുകൊണ്ടു പോകുന്നതിനാവശ്യമായ മരുന്നുകൾ മതിയായ അളവിൽ ഉണ്ടോ എന്ന് വ്യക്തമാക്കേണ്ടതാണ്.

ബാക്കി 124880 രൂപയ്ക്കുള്ള മരുന്നുകൾ ലഭ്യമാക്കുന്നതിനായി സ്വീകരിച്ച നടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം.16/31.10.23)

**1-16 വിവിധ വാർഡുകളിൽ സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ - വിനിയോഗ വിവരം ലഭ്യമല്ല**

2022-23വർഷം സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായി ഗ്രാമ പഞ്ചായത്തിലെ വിവിധ വാർഡുകളിൽ

സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ പ്രൊജക്ട് നടപ്പിലാക്കിയിട്ടുണ്ട്. KSEB കാഞ്ഞിരപ്പുഴ ഇലക്ട്രിക്കൽ സെക്ഷന്റെ 28.12.22തിയ്യതിയിലെ AS/6118/53/22-23 എസ്റ്റിമേറ്റ് പ്രകാരം ഗ്രാമപഞ്ചായത്തിലെ 17 സ്ഥലങ്ങളിൽ 15044മീറ്റർ സ്ട്രീറ്റ് മെയിൻ വലിക്കുന്നതിന് എസ്റ്റിമേറ്റ് തുക2200045/- രൂപയാണ്. 18.11.22തിയ്യതിയിലെ DB/Streetlight/22-23/44 എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ പാങ്ങോട് ഉൾപ്പെടുന്ന പ്രദേശത്ത് സ്ട്രീറ്റ് മെയിൻ വലിക്കുന്നതിന് എസ്റ്റിമേറ്റ് തുക 266302/- ആണ്. ടി പ്രവൃത്തിക്കായി ആകെ കൈമാറിയ തുകയുടെ വിവരം താഴെ കൊടുക്കുന്നു

പ്രൊജക്ട് നം-25/23

അടങ്കൽ- 2466347/-

(ധനകാര്യകമ്മീഷൻ അവാർഡ്)

ചെലവ്- 2466347/-

പ്രൊസീഡിംങ്ങ് നം- 141/11.01.23

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(3/26.10.23) മറുപടി ലഭ്യമാക്കിയില്ല. മേൽ സൂചിപ്പിച്ച പ്രവൃത്തി പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം KSEBകാഞ്ഞിരപ്പുഴയിൽ നിന്ന് ലഭ്യമാക്കി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

**1-17 അംഗണവാടി കെട്ടിട നിർമ്മാണം. പ്രവൃത്തി പൂർത്തീകരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.**

സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി കാഞ്ഞിരപ്പുഴ അംഗണവാടി കെട്ടിടം (വാർഡ് 9) നിർമ്മാണത്തിന് വികസന ഫണ്ട് ജനറലിൽ നിന്ന് തുക വകയിരുത്തിയിട്ടുണ്ട്. അംഗനവാടികെട്ടിട നിർമ്മാണത്തിനായി തുക എം.ജി.എൻ.ആർ.ഇ.ജി.എസ് അക്കൗണ്ടിലേക്ക് ഡെപ്പോസിറ്റ് ചെയ്യുക എന്നതാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. എം.ജി.എൻ.ആർ.ഇ.ജി.എസ് . മിഷൻ ഡയറക്ടറുടെ 799011400000486അക്കൗണ്ട് നമ്പറിലേക്ക് താഴെ പറയും പ്രകാരം തുക കൈമാറിയിട്ടുണ്ട്.

പ്രൊജക്ട് നം 192/23

അടങ്കൽ- 300000/- വികസന ഫണ്ട് ജനറൽ

ചെലവ്- 300000/-

ബിൽ നം ,തിയ്യതി- 24/27.03.23

ലഭ്യമാക്കിയ വിവരം അനുസരിച്ച് എം.ജി.എൻ.ആർ.ഇ.ജി.എസ്. ഫണ്ട് 8 ലക്ഷം, ഗ്രാമപഞ്ചായത്ത് വിഹിതം 3 ലക്ഷം, ഐ.സി.ഡി.എസ്.ഫണ്ട് 2 ലക്ഷം, ജില്ലാപഞ്ചായത്ത് വിഹിതം 5 ലക്ഷം ഉൾപ്പെടെ 18 ലക്ഷം രൂപയാണ് പദ്ധതിക്കായി വകയിരുത്തുന്നത് എന്നതാണ്. നിലവിലുള്ള 63 നമ്പർ അംഗനവാടി കെട്ടിടം പൊളിച്ചുമാറ്റി പുതിയത് നിർമ്മിക്കാനാണ് ലക്ഷ്യം വച്ചിരിക്കുന്നത്. നിലവിൽ കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട പ്രവത്തിയുടെ പുരോഗതി വിവരം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (5/26.10.23) നൽകിയ മറുപടിയിൽ ഐ.സി.ഡി.എസ് വകുപ്പിൽ നിന്ന് ലഭ്യമാകേണ്ട 200000/- ലഭ്യമായിട്ടില്ലാത്തതിനാൽ പ്രവൃത്തി ആരംഭിക്കാൻ സാധിച്ചിട്ടില്ല എന്ന് അറിയിച്ചിട്ടുണ്ട്. ടി തുക ലഭ്യമായി നിയമപരമായ പൊളിക്കൽ നടപടികൾ പൂർത്തീകരിച്ചശേഷം പദ്ധതി പ്രവർത്തനം ആരംഭിക്കുന്നതാണെന്ന് മറുപടി ലഭ്യമായിട്ടുണ്ട്. നിലവിലുള്ള കെട്ടിടത്തിന് അൺഫിറ്റ് സർട്ടിഫിക്കറ്റ് ലഭ്യമായിട്ടുണ്ട്. എന്നാൽ ഇതുവരെ കെട്ടിടം പൊളിച്ചുമാറ്റി സാധന സാമാഗ്രികൾ ലേലം ചെയ്ത് തുക പഞ്ചായത്തിലേക്ക് മുതൽക്കൂട്ടിയിട്ടില്ല. ആയതിന് എസ്റ്റിമറ്റ് തയ്യാറാക്കിയിട്ടുമില്ല. നിർമാണം ഉടൻ ആരംഭിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ച് പ്രവർത്തി പുരോഗതി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

**1-18 ഭിന്നശേഷിക്കാർക്ക് ശ്രവണ സഹായി- വിതരണവിവരം ലഭ്യമാക്കേണ്ടതാണ്.**

| | |
|---|---|
| പ്രൊജക്ട് നം., പേര് | 50/23, ഭിന്നശേഷിക്കാർക്ക് ശ്രവണ സഹായി |
| അടങ്കൽ | 162500 രൂപ (വികസന ഫണ്ട് - ജനറൽ) |
| ചെലവ് | ബിൽ നം. 04/22-23/23.08.2022, 162500 രൂപ |
| നിർവഹണം | ഐ സി ഡി എസ് സൂപ്പർവൈസർ |

പദ്ധതി പ്രകാരം ശ്രവണ സഹായി വാങ്ങുന്നതിന് കെൽട്രോൺ ഇലക്ട്രോ സെറാമിക്സ് ലിമിറ്റഡ്,കുറ്റിപ്പുറം മലപ്പുറത്തിന്റെ അക്കൗണ്ടിലേക്ക്(57052625271) മേൽ സൂചിപ്പിച്ച തുക നൽകിയിട്ടുണ്ട്. ആയതിന് കെൽട്രോണിൽ നിന്ന് ലഭ്യമായ ഇൻവോയ്സ് നം 5020/22-23 തിയ്യതി 06.07.22 പ്രകാരം 6500 രൂപയുടെ 25 എണ്ണം ഹിയറിംങ്ങ് എയ്ഡ് വാങ്ങിയിട്ടുണ്ട് .ആയതിന്റെ സ്റ്റോക്ക് വിവരം, വിതരണം വിവരം എന്നിവ ഓഡിറ്റിനു പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. എൻക്വയറി നൽകിയതിന്(9/30.10.23)മറുപടി ലഭ്യമാക്കിയിട്ടില്ല.വിതരണ വിവരം ലഭ്യമാക്കുന്നതുവരെ തുക തടസ്സപ്പെടുത്തുന്നു.

**1-19 കോക്ലിയർ ഇംപ്ലാന്റേഷൻ - സാമൂഹ്യ സുരക്ഷ മിഷന് തുക കൈമാറൽ-തുക വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ്.**

| | |
|---|---|
| പ്രൊജക്ട് നം., പേര് | 185/23, കോക്ലിയർ ഇംപ്ലാന്റേഷൻ - സാമൂഹ്യ സുരക്ഷ മിഷന് തുക കൈമാറൽ |
| അടങ്കൽ | 50000 രൂപ (വികസന ഫണ്ട് - ജനറൽ) |
| ചെലവ് | 1. ബിൽ നം. 16/22-23/14.03.2023, 50000 രൂപ |
| നിർവഹണം | ഐ സി ഡി എസ് സൂപ്പർവൈസർ |

മേൽ പദ്ധതി പ്രകാരം ഒരു കുട്ടിക്ക് 50000 രൂപ നിരക്കിൽ നൽകാനാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്.ഫയലിൽ ജോൺസ് സാന്റോ എന്ന വ്യക്തിയുടെ അപേക്ഷ പരിഗണിച്ചിട്ടുണ്ട്. കോക്ലിയർ ഇംപ്ലാന്റേഷൻ അനന്തര സഹായം ലഭ്യമാക്കുന്നതിനായി നിർവഹണ ഏജൻസിയായ കേരള സാമൂഹ്യ സുരക്ഷാ മിഷന്റെ അക്കൗണ്ടിലേക്ക് (നം. 70101140000134) 50000 രൂപ മാറി നൽകിയിട്ടുണ്ട്. തുക വിനിയോഗിച്ചതിന്റെയും പദ്ധതി പൂർത്തികരിച്ചതിന്റെയും വിവരങ്ങൾ ഓഡിറ്റിനു ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(8/30.10.23) മറുപടി ലഭ്യമാക്കിയില്ല.

ഓഡിറ്റ് നിർദ്ദേശം

1. കോക്ലിയർ ഇംപ്ലാന്റേഷൻ അനന്തര സഹായം വിനിയോഗിച്ചതിന്റെ വിശദാംശങ്ങളടങ്ങിയ സാക്ഷ്യപത്രം കേരള സാമൂഹ്യ സുരക്ഷാ മിഷനിൽ നിന്നും ലഭ്യമാക്കി അറിയിക്കേണ്ടതാണ്.

2. പദ്ധതി ഫലപ്രദമായി നടപ്പിലാക്കുന്നുണ്ടെന്ന് മോണിറ്ററിംഗ് കമ്മിറ്റികൾ വിലയിരുത്തേണ്ടതും മോണിറ്ററിംഗ് റിപ്പോർട്ട് പദ്ധതികളുടെ ഫയലിൽ സൂക്ഷിക്കുകയും ചെയ്യേണ്ടതാണ്.

തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

**1-20 അഡ്വാൻസ് തുക ക്രമീകരിക്കേണ്ടതാണ്**

2022-23 വർഷം കാഞ്ഞിരപ്പുഴ ഗ്രാമ പഞ്ചായത്തിന്റെ തനതുഫണ്ട് ചെലവു പരിശോധന നടത്തിയതിൽ പഞ്ചായത്ത് പരിധിയിലുള്ള വിവിധ നിർവഹണ ഉദ്യോഗസ്ഥർക്ക് അവരവരുടെ സ്ഥാപനങ്ങളിലെ കണ്ടിജന്റ് ചെലവുകൾക്കായി അഡ്വാൻസായി ഗ്രാമപഞ്ചായത്ത് തനതുഫണ്ടിൽ നിന്ന് തുക നൽകിയിട്ടുണ്ട്. വിശദ വിവരം താഴെ കൊടുക്കുന്നു. (ഓഡിറ്റ് എൻക്വയറി 10/31.10.23)

| ക്രമ നം. | വൗച്ചർ നം, തിയ്യതി | മുന്നിരിപ്പ് | അഡ്വാൻസ് തുക | ചെലവഴിച്ച തുക | ബാലൻസ് | നിർവഹണ ഉദ്യോഗസ്ഥർ |
|---|---|---|---|---|---|---|
| 1 | 227/ 30.06.22 | 3782 | 30000 | 0 | 33782 | വെറ്ററിനറി സർജൻ |
| 2 | 228/30.06.22 | 12114 | 50000 | 12114 | 50000 | കൃഷി ഓഫീസർ |

| | | | | | | |
|---|---|---|---|---|---|---|
| 3 | 229/30.06.22 | 2555 | 75000 | 0 | 77555 | MO, PHC |
| 4 | 228/30.06.22 | 0 | 50000 | 0 | 50000 | ഹെഡ്മാസ്റ്റർ ജി.എൽ.പി.എസ് |
| 5 | 228/30.06.22 | 16618 | 30000 | 38351 | 8267 | മെഡിക്കൽ ഓഫീസർ,GAD |
| 6 | 782/17.09.22 | 14869 | 40000 | 10570 | 44299 | എ.ഇ. എൽ.എസ്.ജി.ഡി |
| 7 | 07.11.22 | 13275 | 35000 | 23638 | 24637 | മെഡിക്കൽ ഓഫീസർ ഹോമിയോ |
| 8 | 22200303/26.07.22 | 0 | 25000 | 0 | 25000 | ഐ.സി.ഡി.എസ്. സൂപ്പർവൈസർ |

മേൽ സൂചിപ്പിച്ച നിർവഹണ ഉദ്യോഗസ്ഥർക്ക് നൽകിയ അഡ്വാൻസ് തുകകൾ ക്രമീകരിച്ചതായി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. മുൻകൂർ ക്രമീകരിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. തുടർവിവരം അറിയിക്കേണ്ടതാണ്.

## 1-21 MGNREGS.ഭരണ ചെലവുകൾക്കായി അഡ്വാൻസ് ആയി നൽകിയ തുക ക്രമീകരിക്കേണ്ടതാണ്

തൻവർഷം MGNREGS ഭരണ നിർവഹണ ചെലവുകൾക്കായി ഗ്രാമ പഞ്ചായത്തിൽ നിന്ന് തുക നൽകിയിട്ടുണ്ട്. തുക ക്രമീകരിക്കാൻ ബാലൻസ് നിലനിൽക്കുന്നു. വിശദവിവരം താഴെ കൊടുക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 1795377.00 |
| നൽകിയ തുക | 1787436.00 |
| ആകെ | 3582813.00 |
| ക്രമീകരിച്ച തുക | 781741.00 |
| ബാലൻസ് | 2801072.00 |

വാർഷിക ധനകാര്യപത്രിക പ്രകാരം മുന്നിരിപ്പ് ഉൾപ്പെടെ തൻവർഷം MGNREGS ന് നൽകിയ ആകെ തുകയിൽ 781741.00 രൂപ ക്രമീകരിച്ച് ബാലൻസ് 2836072.00( B-18പ്രകാരം) ക്രമീകരിക്കാൻ ബാക്കിനിൽക്കുന്നു. യഥാർത്ഥത്തിൽ ബാലൻസ് തുക 2801072/-ആണ്. മെഡിക്കൽ ഓഫീസർ ഹോമിയോക്ക് അഡ്വാൻസ് ആയി നൽകിയ തുക 35000/-ഉൾപ്പെടെയാണ് Mgnregs ന്റെ ക്രമീകരിക്കാൻ ബാലൻസുള്ള തുക വാർഷിക ധനകാര്യ പത്രികയിൽ കിടക്കുന്നത് . അഡ്വാൻസ് ആയി നൽകിയ തുക ക്രമീകരിക്കാൻ സ്വീകരിച്ച നടപടികളുടെ വിവരം അന്വേഷിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (18/31.10.23) മറുപടി ലഭ്യമാക്കിയിട്ടില്ല. അഡ്വാൻസ് ആയി നൽകിയ തുക ക്രമീകരിക്കാൻ നടപടികളെടുക്കേണ്ടതാണ്. തുടർ വിവരം അറിയിക്കേണ്ടതാണ്.

## 1-22 വെറ്റിലചോല കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം - പ്രവൃത്തി പൂർത്തീകരിക്കേണ്ടതാണ്

കാഞ്ഞിരപ്പുഴ വെറ്റിലചോല പട്ടിക വർഗ്ഗ കോളനിയിൽ കമ്മ്യൂണിറ്റിഹാൾ നിർമ്മാണത്തിനായി 2016-17 ൽ സർക്കാർ ഉത്തരവ് (ആർ.ടി)നം 1817/2016.പ.ജ.പ.വ.വി.വ. തിയ്യതി14.11.2016 പ്രകാരം സർക്കാർ ഭരണാനുമതിനൽകുകയും പട്ടിക വികസന വകുപ്പ് ഡയറക്ടറുടെ 09/01/2017ലെല പി.എം.1-12522/16(5) നമ്പർ പ്രകാരം കമ്മ്യൂണിറ്റി ഹാൾ നിർമ്മാണത്തിനായി എസ്.ടി കോർപസ്സ് ഫണ്ടിൽ നിന്ന് 52.80 രൂപ പാലക്കാട് ട്രൈബൽ ഓഫീസർക്ക് അനുമതി നൽകുകയും ചെയ്തിട്ടുണ്ട്. ടി തുക ഗ്രാമപഞ്ചായത്തിലേക്ക് കൈമാറുകയും പ്രവൃത്തിയുടെ നടപടിക്രമങ്ങൾ ആരംഭിക്കുകയും 2019-20മുതൽ ഹാൾ നിർമ്മാണം തുടങ്ങിയിട്ടുമുണ്ട്. ടെണ്ടർ നടപടി പൂർത്തികരിച്ചപ്പോൾ പഞ്ചായത്തിന് സേവിംങ്ങ്സ് ആയി ലഭ്യമായ തുക 567940/-രൂപ ഉപയോഗിച്ച് കമ്മ്യൂണിറ്റിഹാളിന് ടൈൽ പാകൽ പ്രവൃത്തി നടപ്പാക്കുന്നതിന് പാലക്കാട് ട്രൈബൽ ഓഫീസർക്ക് സർക്കാരിൽ നിന്ന് അനുമതി ലഭ്യമായതിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തിന് തുക കൈമാറുകയും പ്രവൃത്തി പൂർത്തികരിക്കുകയും ചെയ്തിട്ടുണ്ട്. ഈ പ്രവൃത്തിക്കായി പ്രൊജക്ട് വച്ചതായി കാണുന്നില്ല. ഹാൾ നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങൾക്ക് അതാത് സമയത്ത് ടെണ്ടർ ക്ഷണിച്ചാണ് പ്രവൃത്തി നടത്തിയിട്ടുള്ളത് . 2016-17ൽ ലഭ്യമായ

അലോട്ട്മെന്റ് യൂണിയൻ ബാങ്ക് പൊറ്റശ്ശേരി ശാഖയിൽ നിക്ഷേപിച്ചതിൽ ഹാൾ നിർമ്മാണത്തിന് ഉപയോഗിച്ച തുകയിൽ ബാലൻസ് 180265/-അവശേഷിക്കുന്നു. കെട്ടിടത്തിന്റെ പ്രാദേശിക പരിശോധനയിൽ പെയിന്റിംങ്ങ് ബാക്കി നിൽക്കുന്നു. അതു കൂടാതെ ചില ഭാഗങ്ങളിൽ കെട്ടിടത്തിന്റെ പ്ളാസ്റ്ററിങ്ങ് പൂർത്തീകരിക്കാനുണ്ട്. ബാലൻസ് തുക നിലവിലുണ്ടായിട്ടും കെട്ടിടനിർമ്മാണം പൂർത്തികരിക്കാൻ കഴിയാത്തതിന് കാരണം അന്വേഷിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(19/31.10.23)മറുപടി ലഭ്യമാക്കിയിട്ടില്ല. കെട്ടിട നിർമ്മാണം പൂർത്തികരിക്കാൻ സത്വരനടപടികൾ കൈകൊള്ളേണ്ടതാണ്.

**1-23 ഗ്രോ ബാഗിലെ പച്ചക്കറി കൃഷി-അധിക തുക നൽകി**

കൃഷി ഓഫീസർ നിർവഹണ ഉദ്യോഗസ്ഥനായി താഴെ പറയുന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

| | |
|---|---|
| പ്രോജക്ട് നം. | 74/23<br>പച്ചക്കറി കൃഷി ടെറസ്സിൽ ഗ്രോബാഗ് വിതരണം |
| അടങ്കൽ | 533334/-( വികസനഫണ്ട്- 400000/-,<br>ഗുണഭോക്തൃ വിഹിതം- 133334/-) |
| ചെലവ് | 533260/-<br>(വികസനഫണ്ട്- 399945/-,<br>ഗുണഭോക്തൃ വിഹിതം- 133315/-) |
| ബിൽ നം/<br>എസ്.ഒ.നമ്പർ,തിയതി | 1) 156/21.01.23- 195000/-<br>2) 294/18.03.23 – 204945/-<br>3) 378/27.03.23 – 68315/-<br>4) 318/20.03.23- 65000/- |

കർഷകർക്ക് അവരുടെ വീടുകളിൽ പച്ചക്കറി കൃഷി ചെയ്യുന്നതിന് പോട്ടിംഗ് മിശ്രിതം നിറച്ച മണ്ണ് ചട്ടികൾ പച്ചക്കറി തൈകൾ ഉൾപ്പെടെ 75 % സബ്സിഡിയിൽ സർക്കാർ അംഗീകൃത ഏജൻസികളിൽ നിന്നോ കാർഷിക കർമസേന വഴിയോ ഇറക്കി നൽകുന്നതാണ് പ്രോജക്ട്. ആയതിൻ പ്രകാരം കാർഷിക കർമസേനയിൽ നിന്നും 4102 പോട്ടിംഗ് മിശ്രിതം നിറച്ച മണ്ണ് ചട്ടികൾ ചട്ടി ഒന്നിന് 130/- രൂപ നിരക്കിൽ താഴെ പറയുന്ന ഇൻവോയ്സ് നമ്പർ പ്രകാരം വാങ്ങിയിട്ടുണ്ട്.

(1. ഇൻവോയ്സ് നം. 104/20.01.23, തുക – 260000/- എണ്ണം - 2000

2. ഇൻവോയ്സ് നം. 120/16.03.23, തുക – 273260/- എണ്ണം - 2102)

മേൽ പ്രോജക്ട് നിർവഹണത്തിൽ സംഭവിച്ച അപാകതകൾ ചുവടെ ചേർക്കുന്നു.

1. 28.05.22 ലെ സർക്കാർ ഉത്തരവ്(കൈ)115/2022/തസ്വഭവ പ്രകാരമുള്ള 2022-23 വർഷത്തേക്കുള്ള സബ്സിഡി, ധനസഹായം, അനുബന്ധ വിഷയങ്ങൾ സംബന്ധിച്ച മാർഗ്ഗരേഖയിലെ നിർദ്ദേശപ്രകാരം പോട്ടിംഗ് മിശ്രിതം നിറച്ച ഗ്രോ ബാഗിന് യൂണിറ്റ് കോസ്റ്റ് ജില്ലാതലത്തിൽ നിശ്ചയിക്കേണ്ടതാണ്. ആയത് പ്രകാരം പാലക്കാട് ജില്ലാ കളക്ടറുടെ 25.6.2022 ലെ780/2022/ഡിപിസി/ഡിപിഒ/പികെഡി നമ്പർ ഉത്തരവ് പ്രകാരം 2022-23 വർഷത്തെക്ക് പോട്ടിംഗ് മിശ്രിതം നിറച്ച ചട്ടിക്ക് 110/- രൂപയാണ് യൂണിറ്റ് കോസ്റ്റ് നിശ്ചയിച്ചിട്ടുള്ളത്. എന്നാൽ പോട്ടിംഗ് മിശ്രിതം നിറച്ച ചട്ടിക്ക് 130/-എന്ന നിരക്കിലാണ് കാർഷിക കർമസേനയിൽ നിന്നും വാങ്ങിയിട്ടുള്ളത്. തൻമൂലം താഴെ പറയുന്ന തുക നഷ്ടം സംഭവിച്ചിട്ടുണ്ട്.

| | |
|---|---|
| ആകെ പദ്ധതി ചെലവ് | 533260/-<br>(വികസന ഫണ്ട്- 399945/-<br>ഗുണഭോക്തൃ വിഹിതം - 133315/-) |
| ആകെ ചട്ടികൾ എണ്ണം | 4102 |
| നൽകിയ തുക | 4102 X 130 = 533260/- |

| | |
|---|---|
| (ഒരു ചട്ടിക്ക് 130/- രൂപ നിരക്കിൽ) | 75% സബ്സിഡി നിരക്കിൽ<br>വികസന ഫണ്ട് - 399945/-(97.5 രൂപ)<br>ഗുണഭോക്തൃ വിഹിതം - 133315/- ( 32.5 രൂപ) |
| നൽകേണ്ടിയിരുന്ന തുക (ഒരു ചട്ടിക്ക് 110/- രൂപ നിരക്കിൽ) | 4102 X 110 = 451220/-<br>വികസന ഫണ്ട്- 338415/- (82.5 രൂപ)<br>ഗുണഭോക്തൃ വിഹിതം - 112805/-(27.5രൂപ) |
| നഷ്ടം സംഭവിച്ച തുക | 399945 – 338415 = 61530/- (ഗുണഭോക്തൃ വിഹിതം കഴിച്ചുള്ള തുക) |

മേൽ അപാകതകൾ ശ്രദ്ധയിൽപ്പെടുത്തി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.4/26.10.23) ചുവടെ ചേർക്കുന്ന പ്രകാരം മറുപടി നിർവഹണ ഉദ്യോഗസ്ഥൻ ഹാജരാക്കിയിട്ടുണ്ട്.

ചട്ടിയോടൊപ്പം മൂന്നിനം ജൈവവളങ്ങൾ ഓരോ കിലോ വീതം കിറ്റുകൾ പ്രത്യേകമായി ഗുണഭോക്താക്കൾക്ക് നൽകിയിട്ടുണ്ട്. ചട്ടി നിറയ്ക്കുന്നതിനുള്ള ഒരു കിലോ ചകിരിചോർ, ഒരു കിലോ വെർമി കമ്പോസ്റ്റ്, നൂറ് ഗ്രാം എല്ല് പൊടി ചാണകപ്പൊടി ഉൾപ്പെടെയാണ് നൽകിയത്. തൻമൂലമാണ് ഒരു ചട്ടിയുടെ വില യൂണിറ്റ് കോസ്റ്റിൽ നിന്നും അധികരിച്ചത്. പ്രസ്തുത മൺചട്ടികൾക്ക് 2023-24 വർഷം യൂണിറ്റ് കോസ്റ്റ് 200 രൂപയായി ഉയർത്തിയിട്ടുണ്ട് എന്നും സർക്കാരിന് സാമ്പത്തിക നഷ്ടം ഉണ്ടായിട്ടില്ല എന്നും അറിയിച്ചിട്ടുണ്ട്.

എന്നാൽ അംഗീകരിയ്ക്കപ്പെട്ട പ്രോജക്ട് രൂപീകരണ ഫോറത്തിലെ രേഖപ്പെടുത്തൽ പ്രകാരം പോട്ടിംഗ് മിശ്രിതം നിറച്ച മൺചട്ടികൾ, പച്ചക്കറി തൈകൾ ഉൾപ്പെടെ നൽകുന്നതിനാണ് പ്രോജക്ട് വിഭാവനം ചെയ്തിട്ടുള്ളത്. ഇതിനുപരിയായി പ്രോജക്ട് നിർവ്വഹണ സമയത്ത് ഉൾപ്പെടുത്തിയ ഇനങ്ങൾക്ക് പ്രോജക്ട് രേഖകൾ പ്രകാരം അനുമതി ഇല്ലാത്തതാണ്. അതിനാൽ സർക്കാരിന് സാമ്പത്തിക നഷ്ടം ഉണ്ടായിട്ടില്ല എന്ന മറുപടി ഓഡിറ്റ് അംഗീകരിക്കുന്നില്ല. യൂണിറ്റ് കോസ്റ്റിൽ നിന്നും അധികരിച്ച നിരക്കിൽ നൽകിയ പോട്ടിംഗ് മിശ്രിതം നിറച്ച ചട്ടിയുടെ വിലയായ 61530/- രൂപ നിർവഹണ ഉദ്യോഗസ്ഥനിൽ നിന്ന് തിരികെ ഈടാക്കി വികസന ഫണ്ടിൽ അടവാക്കേണ്ടതാണ്. (ഖണ്ഡിക 3-1 കാണുക)

## 1-24 ജലസേചന പമ്പ് സെറ്റ് വിതരണം – അർഹത ഇല്ലാത്തവർക്ക് നൽകി

കൃഷി ഓഫീസർ നിർവഹണ ഉദ്യോഗസ്ഥനായി താഴെ പറയുന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

| | |
|---|---|
| പ്രോജക്ട് നം. | 72/23<br>ജലസേചന പമ്പ് സെറ്റ് വിതരണം |
| അടങ്കൽ | 600000/- ( വികസനഫണ്ട്- 300000/-,<br>ഗുണഭോക്തൃ വിഹിതം- 300000/-) |
| ചെലവ് | 300000/- ( വികസനഫണ്ട്- 300000/-) |
| ബിൽ നം/ എസ്.ഒ.നമ്പർ,തിയതി | 1) 166/04.02.23- 144289/-<br>2) 211/25.02.23 – 100000/-<br>3) 291/18.03.23 – 50000/-<br>4) 292/18.03.23- 5711/- |

മേൽ പ്രോജക്ട് നിർവഹണത്തിൽ സംഭവിച്ച അപാകതകൾ ചുവടെ ചേർക്കുന്നു.

28.05.22 ലെ സർക്കാർ ഉത്തരവ്(കൈ)115/2022/തസ്വഭവ പ്രകാരമുള്ള 2022-23 വർഷത്തേക്കുള്ള സബ്സിഡി, ധനസഹായം, അനുബന്ധ വിഷയങ്ങൾ സംബന്ധിച്ച മാർഗ്ഗരേഖയിലെ നിർദ്ദേശ പ്രകാരം

ജലസേചന പമ്പ് സെറ്റ് ഗ്രാമ പഞ്ചായത്തിൽ കുറഞ്ഞത് ഇരുപത് സെന്റും നഗരഭരണ സ്ഥാപനങ്ങളിൽ കുറഞ്ഞത് പത്ത് സെന്റും കൃഷി ചെയ്യുന്ന കർഷകർക്കാണ് ആനുകൂല്യം നൽകാവുന്നത്. എന്നാൽ ഫയൽ പരിശോധിച്ചതിൽ ഇരുപത് സെന്റിൽ താഴെ മാത്രം കൃഷി ചെയ്തിട്ടുള്ള താഴെ പറയുന്നവർക്ക് ആനുകൂല്യം നൽകിയിട്ടുണ്ട്.

| | |
|---|---|
| ഗുണഭോക്താവ് | ഇന്ദു.എൻ, കുറ്റിയം പാടം |
| അപേക്ഷ പ്രകാരം കൃഷി സ്ഥലത്തിന്റെ വിസ്തീർണ്ണം | 4 ആർ 4.7 സ്ക്വ.മീ |
| കരം ഒടുക്കിയ രസീതി പ്രകാരം വിസ്തീർണ്ണം | 4 ആർ 4.7 സ്ക്വ.മീ |
| ആനുകൂല്യം നൽകിയ തുക | 6500/-<br>ബിൽ നം/ എസ്.ഒ.നമ്പർ,തിയതി 166/04.02.23 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (06/26.10.23) മറുപടിയായി ശ്രീമതി.ഇന്ദു.എൻ, കുറ്റിയം പാടം എന്നവർ പാട്ടത്തിന് കൃഷി ചെയ്തുവരുന്നതായി അറിയിച്ചിട്ടുണ്ട്. എന്നാൽ ഇത് സംബന്ധിച്ച രേഖകൾ ഹാജരാക്കിയിട്ടില്ല. രേഖകൾ ഹാജരാക്കുന്നതുവരെ ഈ ഇനത്തിൽ ചെലവ് ചെയ്തിട്ടുള്ള 6500/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-25 പ്രവൃത്തികളിൽ നിശ്ചിത സമയപരിധിക്കുള്ളിൽ എഗ്രിമെന്റ് വെച്ചിട്ടില്ല

അസി. എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായ താഴെ സൂചിപ്പിക്കുന്ന പ്രവൃത്തികളിൽ നിശ്ചിത സമയപരിധിക്കുള്ളിൽ എഗ്രിമെന്റ് വെച്ചിട്ടില്ല. സ.ഉ (പി) നം. 13/2012/PWD തിയതി 1-2-2012 പ്രകാരം പുറപ്പെടുവിച്ച കേരള പൊതുമരാമത്ത് മാന്വലിലെ 2009.6 നം. വകുപ്പ് പ്രകാരം ടെണ്ടർ അംഗീകരിച്ചതിനു ശേഷം 7 ദിവസത്തിനകമോ ഫേം പിരീഡിനകമോ (ഏതാണോ കുറവെങ്കിൽ അത്) ടെണ്ടർ സ്വീകരിച്ചതായ രേഖാമൂലമുള്ള അറിയിപ്പ് കരാറുകാരന് നൽകേണ്ടതാണ്. ടെണ്ടർ അംഗീകരിച്ച തിയതി മുതൽ 14 ദിവസത്തിനകം കരാർ ചമയ്ക്കുവാൻ നോട്ടീസിൽ വ്യക്തമാക്കേണ്ടതാണ്. 14 ദിവസം കഴിഞ്ഞ് 10 ദിവസം വരെ കരാർ തുകയുടെ 1% പിഴ സഹിതം കരാറുടമ്പടി വെയ്ക്കാവുന്നതുമാണ്. പിഴയുടെ പരിധി കുറഞ്ഞത് 1000 രൂപയും കൂടിയത് 25000 രൂപയുമായി നിജപ്പെടുത്തിയിട്ടുണ്ട്. 24 ദിവസത്തിനുള്ളിലും കരാറുടമ്പടി വെക്കാത്തപക്ഷം കരാർ റദ്ദാക്കേണ്ടതും ഇ.എം.ഡി മുതൽകൂട്ടി കരാർ നിബന്ധനകൾക്കനുസരിച്ചുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്. ഇത്തരം നടപടികൾ സ്വീകരിക്കാത്ത പ്രവൃത്തികൾ സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തി, എ.പി.എ.സി ബിൽ നം./ തീയതി | ടെണ്ടർ അംഗീകരിച്ച തീയതി | സെലക്ഷൻ നോട്ടീസ് അയച്ച തീയ്യതി | എഗ്രിമെന്റ് തീയതി, കരാറുകാരൻ | ഈടാക്കേണ്ടിയിരുന്ന പിഴ(1%) ₹ | ഈടാക്കിയത് ₹ | ബാക്കി ഈടാക്കേണ്ടത് ₹ |
|---|---|---|---|---|---|---|---|
| 1. | SO 149/23- ചെട്ടിപ്പള്ളിയാലിൽ കോളനി റോഡ് സൈഡ് കെട്ടൽ<br>65180/-<br>ബിൽ നം.-26/17-3-2023 67317/- | 9-12-2022 | - | 35/AE/LSGD /KP/4-1-2023<br>ബാലകൃഷ്ണൻ.എം.കെ | 1000 | 0 | 1000 |
| 2. | SO 175/23- ചേട്ടൻപടി കുന്നംപുറം റോഡ് ഡ്രൈനേജ്<br>115179/-<br>ബിൽ നം.-49/28-3-2023 135910/- | 9-12-2022 | - | 36/AE/LSGD /KP/4-1-2023<br>സതീഷ്.കെ.എസ്. | 1151 | 0 | 1151 |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (7/27-10-2023) ലഭ്യമാക്കിയ മറുപടിയിൽ ടെണ്ടർ

ഭരണസമിതി അംഗീകരിച്ച ശേഷം പ്രൈസ് സോഫ്റ്റ് വെയറിൽ അപ്ലോഡ് ചെയ്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അംഗീകാരം ലഭിച്ച ശേഷമാണ് ലെറ്റർ ഓഫ് ആക്സെപ്റ്റൻസ് നൽകുന്നത് എന്നും ആയതിനാൽ സമയം വൈകുന്നു എന്ന് സൂചിപ്പിച്ചിട്ടുണ്ട്. ടി മറുപടി അംഗീകരിക്കുന്നില്ല. മരാമത്ത് മാന്വൽ പ്രകാരം സൂചിപ്പിച്ചിട്ടുള്ള സമയക്രമം പാലിച്ച് നടപടികൾ സ്വീകരിക്കേണ്ടതാണ്. ആയതിനാൽ ടി ഇനത്തിൽ സംഭവിച്ചിട്ടുള്ള നഷ്ടം 2151 രൂ. ഉത്തരവാദിയായ അസി.എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

## 1-26 ഇ-ടെൻണ്ടർ ഫീസ് തനത്ഫണ്ടിൽ അടവാക്കിയിട്ടില്ല.

അസി. എൻജിനിയർ ഇ-ടെൻണ്ടർനടത്തുമ്പോൾ ടെൻണ്ടർ ഫീ അടവാക്കുന്നതിന് ദേശസാൽകൃത ബാങ്കിൽ പ്രത്യേക ബാങ്ക് അക്കൗണ്ട് തുടങ്ങണമെന്ന് സ.ഉ.(സാധാ) നം.3186/17/ത.സ്വ.ഭ.വ, തീയ്യതി. 2-10-2017 സർക്കാർ ഉത്തരവായിട്ടുണ്ട്. കൂടാതെ ഈ അക്കൗണ്ടിൽ വരവ് ഉണ്ടാകുന്ന തുകകൾ ഗ്രാമപഞ്ചായത്തിന്റെ തനതുഫണ്ടിലേക്ക് മുതൽക്കൂട്ടണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ,തൻവർഷം അസി.എൻജിനിയർ ഇ-ടെണ്ടർ നടത്തുമ്പോൾ ടെണ്ടർ ഫീ അടവാക്കുന്നതിന് ഉപയോഗിക്കുന്ന ബാങ്ക് അക്കൗണ്ടിൽ (നം. 37367918522- SBI, Pottassery) തൻവർഷം മുൻബാക്കി 53656 രൂ. ആണ്. തൻവർഷം ഇ ടെണ്ടർ ഫീസിനത്തിലെ വരവുൾപ്പെടെ 3/2023ൽ ബാലൻസുള്ള 116260രൂ. സാമ്പത്തിക വർഷാവസാനം വരെ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ അടവാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (11/31-10-2023) ലഭ്യമാക്കിയ മറുപടിയിൽ അക്കൗണ്ടിൽ ബാലൻസുള്ള തുക 18-10-2023ന് തനത് ഫണ്ടിലേക്ക് അടവാക്കിയിട്ടുണ്ട് എന്ന് അറിയിച്ചിട്ടുണ്ട്.ആയത് പരിശോധിച്ച് ഉറപ്പിച്ചിട്ടുണ്ട്. വർഷാവസാനം തന്നെ ഇ-ടെൻണ്ടർ ഫീസ് തനത്ഫണ്ടിലേക്ക് അടവാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-27 പ്രവൃത്തിയുടെ ഇനങ്ങളിൽ വളരെ കൂടുതൽ അളവ് രേഖപ്പെടുത്തിയിട്ടും ലിമിറ്റ് ചെയ്യാതെ തുക നൽകിയിരിക്കുന്നു.എൻക്വയറിയുടെ അടിസ്ഥാനത്തിൽ തുക അടവാക്കിയിട്ടുണ്ട്.

താഴെ സൂചിപ്പിക്കുന്ന പ്രവൃത്തിയുടെ ഇനങ്ങളിൽ വളരെ കൂടുതൽ അളവ് (എസ്റ്റിമേറ്റിനേക്കാൾ 25%ൽ അധികം) ചെയ്തിട്ടും റിവൈസ്ഡ് എസ്റ്റിമേറ്റ് നിർമിക്കുകയോ അളവ് ലിമിറ്റ് ചെയ്ത് തുക നൽകുകയോ ചെയ്തിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ടിന്റെ നം. , പേര് : | SO 168/23- കുപ്പാകുറുശ്ശി അംഗൻവാടി നവീകരണം. |
| അടങ്കൽ , ഫണ്ടിനം | 200000, (MG (NR)) |
| ചെലവ്: , ബിൽ നം. , തീയ്യതി | 199851,<br>ബിൽ നം.55/29-3-2023, 199851 /- |
| കരാർ നം., അളവു പുസ്തകം: | 41/AE/LSGD/KP/-9-2-2023, EMB No. CELSGD/7620/2022 |
| പ്രവൃത്തിമൂല്യം | 169369 |
| കരാറുകാരൻ: | സുരേഷ് ബാബു. |

അംഗൻവാടി നവീകരണവുമായി ബന്ധപ്പെട്ട് 6ഇനങ്ങളാണ് പ്രവൃത്തിയിൽ ഉൾപ്പെട്ടിട്ടുള്ളത്. ആയതിൽ 5ാ മത്തെ ഇനം അനുവദനീയമായ അളവിലും കൂടുതൽ ചെയ്യുകയും തുക നൽകുകയും ചെയ്തിരിക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | എസ്റ്റിമേറ്റ് പ്രകാരമുള്ള അളവ് | അംഗീകരിച്ച നിരക്ക് | പരമാവധി ചെയ്യാവുന്നത്. (25% അധികം) | ചെയ്ത അളവ് | അധികം അനുവദിച്ചത് | അധികം നൽകിയ തുക |
|---|---|---|---|---|---|---|
| Finishing Walls With Acrylic Smooth Exterior | 40.95 Sqm | 192.68 | 51.19 Sqm | 73.644 Sqm | 22.454 Sqm | 4326 രൂ. |

| | | | | | | | |
|---|---|---|---|---|---|---|---|
| | Paint Of Required Shade | | | | | | |

മരാമത്ത് മാന്വൽ പ്രകാരം പ്രവൃത്തികളുടെ ഇനങ്ങളിൽ പരമാവധി 25% വരെയാണ് അധികം അനുവദിക്കാൻ കഴിയുക. ഇതിൽ കൂടുതൽ അനുവദിക്കണമെങ്കിൽ റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരം വാങ്ങേണ്ടതുണ്ട്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ 4326 രൂ. രസീതി നം. 1230102757/30-10-2023പ്രകാരം അടവാക്കിയിട്ടുണ്ട്. ഇപ്രകാരമുള്ള അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

**1-28 എം.ജി.എൻ.ആർ.ഇ.ജി.എസ്. റജിസ്റ്ററുകളിലെ രേഖപ്പെടുത്തലുകൾ ക്രമപ്രകാരമല്ല.**

എം.ജി.എൻ.ആർ.ഇ.ജി.എസ്. ക്യാഷ്ബുക്ക്, ചെക്ക് ഇഷ്യൂ റജിസ്റ്റർ എന്നിവയിലെ രേഖപ്പെടുത്തലുകൾ ക്രമപ്രകാരമല്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.
വാർഷിക കണക്കുകൾ പ്രകാരമുള്ള എം.ജി.എൻ.ആർ.ഇ.ജി.എസ്. കണക്കുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 13671 | 1179087 | 1192758 | 781741 | 411017 |
| തൊഴിലാളികളുടെ വേതനം | 0 | 48290669 | 48290669 | 48290669 | 0 |
| ആകെ | 13671 | 49469756 | 49483427 | 49072410 | 411017 |

എന്നാൽ എം.ജി.എൻ.ആർ.ഇ.ജി.എസ്. ക്യാഷ് ബുക്കിൽ ഇതൊന്നും വ്യക്തമാകുന്ന രീതിയിൽ രേഖപ്പെടുത്തലുകൾ ഇല്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

-- 1-4-2022ൽ പ്രാരംഭബാക്കി രേഖപ്പെടുത്തിയിട്ടില്ല.

-- ജീവനക്കാർക്ക് വരുന്ന ശമ്പളത്തിന്റെ വരവും ചെലവും മാത്രമാണ് ക്യാഷ് ബുക്കിൽ രേഖപ്പെടുത്തുന്നത്.

-- പ്രതിദിനമായി ക്യാഷ് ബുക്ക് എഴുതുന്നില്ല. ഒരു മാസത്തിന് ഒരു രേഖപ്പെടുത്തൽ മാത്രമാണ് നടത്തുന്നത്.

-- മാസാന്ത്യ , വർഷാന്ത്യ റീകൺസിലിയേഷൻ നടത്തുന്നില്ല.

-- നീക്കിബാക്കി എവിടെയും രേഖപ്പെടുത്തിയിട്ടില്ല. 31-3-2023ൽ നീക്കിബാക്കി എത്രയെന്നും രേഖപ്പെടുത്തിയിട്ടില്ല.
-- തൻവർഷം ചെക്ക് ഇഷ്യൂ റജിസ്റ്റർ എഴുതിയിട്ടില്ല.

മേൽസൂചിപ്പിച്ച പ്രകാരം വളരെ അവ്യക്തമായും അശ്രദ്ധമായും ആണ് റജിസ്റ്ററുകളിൽ രേഖപ്പെടുത്തലുകൾ നടത്തിയിരിക്കുന്നത്. ഭരണസമിതി ഇക്കാര്യത്തിൽ ആവശ്യമായ നടപടികൾ സ്വീകരിച്ച് ജീവനക്കാർക്ക് ആവശ്യമായ നിർദേശങ്ങൾ നൽകി റജിസ്റ്ററുകൾ കാലികമാക്കി പരിശോധനയ്ക്ക് സമർപ്പിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി 17/31.10.23)

**1-29 പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി-വിനിയോഗ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്**

തൻവർഷം വെറ്ററിനറി സർജൻ നിർവഹണ ഉദ്യോഗസ്ഥനായി പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. പശുകുട്ടികളെ ശരിയായി സംരക്ഷിക്കുന്നതിന് ശാസ്ത്രീയ പരിചരണവും കർഷകന് ധനസഹായവും നൽകുന്ന കന്നുകുട്ടി പരിപാലന പദ്ധതിയിൽ പഞ്ചായത്തിലെ തിരഞ്ഞെടുത്ത 40 ഗുണഭോക്താക്കളുടെ 4 മുതൽ 6 മാസം പ്രായമുള്ള കന്നുകുട്ടികൾക്ക് കാലിത്തീറ്റ 50% സബ്സിഡിയോടെ വിതരണം ചെയ്യുകയാണ് പദ്ധതി ലക്ഷ്യം. ഇതിനായി 50% പഞ്ചായത്ത് വിഹിതമായ 12500 രൂപയും, 50% ഗുണഭോക്തൃവിഹിതമായ 12500 രൂപയും ഉൾപ്പെടെ ഒരു ഗുണഭോക്താവിന് 25000 രൂപ പദ്ധതി

പ്രകാരം വകയിരുത്തിയിട്ടുണ്ട്. 38 ഗുണഭോക്താക്കളുടെ പഞ്ചായത്ത് വിഹിതമായ 475000/-രൂപ അസിസ്റ്റന്റ് ഡയറക്ടർ, കാഫ്ഫീഡ് സബ്സിഡി പ്രോഗ്രാം, പാലക്കാടിന്റെ അക്കൗണ്ടിലേക്ക്(714021400000008) നൽകിയിട്ടുണ്ട്. വിശദ വിവരം താഴെ കൊടുക്കുന്നു.

പ്രൊജക്ട് നം- 112/23

അടങ്കൽ - 500000

ചെലവ് -475000

ബിൽ നം -7/23.03.23

മേൽ സൂചിപ്പിച്ച പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ട ഓഡിറ്റ് നിരീക്ഷണങ്ങൾ താഴെ കൊടുക്കുന്നു

1)തുക കൈപ്പറ്റിയതിനുള്ള രശീതി ഫയലിൽ സൂക്ഷിച്ചിട്ടില്ല.
2)കന്നുകുട്ടി പരിപാലനപദ്ധതി സംബന്ധിച്ച മാർഗരേഖ ജി.ഒ(എം.എസ്) 11/2001/ മൃഗസംരക്ഷണം തീയ്യതി 20-1-01 പ്രകാരം സബ്സിഡിയായി തദ്ദേശഭരണ സ്ഥാപനങ്ങൾ നൽകുന്ന തുകയുടെ ഭൗതികനേട്ട റിപ്പോർട്ട് പദ്ധതിയുടെ ജില്ലാ കോർഡിനേറ്റർ ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനത്തിന് നൽകണം എന്ന് നിർദേശിച്ചിട്ടുണ്ട് .എന്നാൽ ആയത് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

3) വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല

മേൽപറഞ്ഞ വിവരം കൂടാതെ പദ്ധതിയുടെ പുരോഗതി വിവരവും, കന്നുകുട്ടികളിലേതെങ്കിലും ഇക്കാലയളവിനുള്ളിൽ മരണമടയുകയോ വിൽപന നടത്തുകയോ ചെയ്തിട്ടുണ്ടെങ്കിൽ വിവരങ്ങൾ ലഭ്യമാക്കുന്നതിനും, എൻറോൾ ചെയ്തിട്ടുള്ള കന്നുകുട്ടികൾക്കെല്ലാം നിലവിൽ തീറ്റ ലഭ്യമാക്കുന്നുണ്ടോ തുടങ്ങിയ വിവരം അന്വേഷിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(2/26.10.23) മറുപടി ലഭ്യമാക്കിയിട്ടില്ല. പദ്ധതിയുടെ പുരോഗതി വിവരം ഓഡിറ്റിനു ലഭ്യമാക്കേണ്ടതാണ്.

**1-30 ABC പ്രോഗ്രാം തുകയുടെ വിനിയോഗവിവരം ലഭ്യമായിട്ടില്ല**

| | |
|---|---|
| പ്രൊജക്ട് നം., പേര് | 251/23, എ ബി സി പ്രോഗ്രാം |
| അടങ്കൽ | 162000 രൂപ (വികസന ഫണ്ട് - ജനറൽ) |
| ചെലവ് | ബിൽ നം. 03/22-23/13-1-2023 - 162000 രൂപ |
| നിർവഹണം | വെറ്ററിനറി സർജൻ |

പഞ്ചായത്തിൽ തെരുവ് നായ്ക്കളുടെ നിയന്ത്രണത്തിലൂടെ പൊതുജനങ്ങളുടെ ആരോഗ്യവും ക്ഷേമവുമാണ് പദ്ധതി ലക്ഷ്യം വച്ചിരിക്കുന്നത്. ഇതിനായി തുക ജില്ലാ പഞ്ചായത്തിന്റെ അക്കൌണ്ടിലേക്ക് (നം. 799011400002200) മാറി നൽകിയിട്ടുണ്ട്.

പദ്ധതിയുമായി ബന്ധപ്പെട്ട രേഖകളുടെ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട നിരീക്ഷണങ്ങൾ ചുവടെ ചേർക്കുന്നു.

1) ജില്ലാ പഞ്ചായത്തിൽ നിന്നും ഗ്രാമപഞ്ചായത്ത് വിഹിതം ചെലവഴിച്ചതിന്റെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

2) പദ്ധതി ലക്ഷ്യം പൂർത്തീകരിക്കുന്നതിനായി പഞ്ചായത്ത് പരിധിയിൽ നടത്തിയ പ്രവർത്തനങ്ങളുടെ വിശദാംശങ്ങളുടെ വിവരം ലഭ്യമാക്കിയിട്ടില്ല.മോണിറ്ററിംങ് നടത്തിയ വിവരം ലഭ്യമാക്കിയിട്ടില്ല. പദ്ധതി പ്രവർത്തനങ്ങളുടെ വിനിയോഗ വിവരം ഓഡിറ്റിനു ലഭ്യമാക്കേണ്ടതാണ്.

**1-31 കോഴി ഗ്രാമം- മുട്ടക്കോഴി വളർത്തൽ-ജി.എസ്.ടി ടിഡിഎസ് ഈടാക്കിയിട്ടില്ല**

2022-23 വർഷം വെറ്ററിനറി സർജൻ കോഴി ഗ്രാമ മുട്ടക്കോഴി വളർത്തൽ പദ്ധതി നിർവഹണം നടത്തിയിട്ടുണ്ട്.45 മുതൽ 60 ദിവസം പ്രായമുള്ള മുട്ടക്കോഴി കുഞ്ഞുങ്ങളെ കേരള സർക്കാർ അംഗീകൃത എഗ്ഗർ നഴ്സറികളിൽ നിന്ന് സർക്കാർ നിശ്ചയിച്ച നിരക്കിൽ ഒരു ഗുണഭോക്താവിന് 5കുഞ്ഞുങ്ങൾ പ്രകാരം

1900 ഗുണഭോക്താക്കൾക്ക് നൽകാനാണ് പദ്ധതി ലക്ഷ്യമിട്ടിരിക്കുന്നത്. മിനർവ എഗ്ഗർ നഴ്സറി ,കരിയാട് നിന്നാണ് മുട്ടക്കോഴി വാങ്ങിയിരിക്കുന്നത്. താഴെ പറയും പ്രകാരം ചെലവഴിച്ച തുകയിൽ നിന്ന് ഉറവിടത്തിൽ നിന്ന് GST TDS ഈടാക്കിയ പിടിച്ചിട്ടില്ല.

| | |
|---|---|
| പ്രൊജക്ട് നം., പേര് | 83/23, കോഴി ഗ്രാമം , മുട്ടക്കോഴി വളർത്തൽ |
| അടങ്കൽ | 1140000 രൂപ (വികസന ഫണ്ട് - ജനറൽ) |
| ചെലവ് | 1)ബിൽ നം. 09/22-23/23.03.2023 -516000 രൂപ<br>2) ബിൽ നം.10/22-23 / 23.03.23 - 624000/- |
| നിർവഹണം | വെറ്ററിനറി സർജൻ |

സ്ഥാപനത്തിന്റെ ബില്ലിൽ ജി.എസ്.ടി. ഈടാക്കിയിട്ടില്ല. മിനർവ എഗ്ഗർ നഴ്സറിയുമായി കരാർ വച്ച വിവരം, ടി സ്ഥാപനം ജി.എസ്.ടി.രജിസ്ട്രേഷൻ എടുത്തിട്ടുണ്ടോ എന്ന വിവരം. ജി.എസ്.ടി.ബിൽ ലഭ്യമാക്കാത്തതിനു കാരണംഎന്നിവ അന്വേഷിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(2/26.10.23) മറുപടി ലഭ്യമാക്കിയിട്ടില്ല

CGST ACT 2017സെക്ഷൻ 51(1)ൽ വിതരണത്തിന്റെ ആകെ മൂല്യം 2.5 ലക്ഷത്തിൽ കൂടുതൽ സാധനങ്ങളുടെയോ സേവനങ്ങളുടെയോ രണ്ടിന്റെയുമോ കരാറുകളിലെ കരാറുകാരുടെ ബില്ലിൽ നിന്നും സ്രോതസ്സിൽ നിന്നുതന്നെ 1 % വീതം എസ്.ജി.എസ്.ടി, സി.ജി.എസ്.ടി ഉൾപ്പെടെ ആകെ 2% ടി.ഡി.എസ് കുറവ് ചെയ്യാൻ വ്യവസ്ഥയുണ്ട്.SGST ACT 2017 ആക്ടിലെ സെക്ഷൻ 51(1) ലും സമാന വ്യവസ്ഥയുണ്ട് .ആയതിനാൽ വിതരണക്കാരുടെ ബില്ലുകളിൽ നിന്ന് 1% വീതം ആകെ 2% ശതമാനം കുറവു ചെയ്യേണ്ടതാണ്. ഇങ്ങനെ പിടിക്കുന്ന നികുതി കേന്ദ്ര സംസ്ഥാന സർക്കാരുകൾക്ക് അടവാക്കി കരാറുകാരന് സർട്ടിഫിക്കറ്റ് നൽകേണ്ടതാണ്. കരാറുകാരനിൽ നിന്ന് ജി.എസ്.ടി .ടി.ഡി.എസ് സ്രോതസ്സിൽ നിന്ന് പിടിച്ച് തുക ഈടാക്കി ബന്ധപ്പെട്ട വകുപ്പിലേക്ക് അടവാക്കിയിട്ടുണ്ടെങ്കിൽ ആ വിവരം ലഭ്യമാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 ഗ്രോ ബാഗിലെ പച്ചക്കറി കൃഷി-അധിക തുക നൽകി

കൃഷി ഓഫീസർ നിർവഹണ ഉദ്യോഗസ്ഥനായി താഴെ പറയുന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

| | |
|---|---|
| പ്രോജക്ട് നം. | 74/23<br>പച്ചക്കറി കൃഷി ടെറസ്സിൽ ഗ്രോബാഗ് വിതരണം |
| അടങ്കൽ | 533334/-( വികസനഫണ്ട്- 400000/-,<br>ഗുണഭോക്തൃ വിഹിതം- 133334/-) |
| ചെലവ് | 533260/-<br>(വികസനഫണ്ട്- 399945/-,<br>ഗുണഭോക്തൃ വിഹിതം- 133315/-) |
| ബിൽ നം/ എസ്.ഒ.നമ്പർ,തിയതി | 1) 156/21.01.23- 195000/-<br>2) 294/18.03.23 – 204945/- |

| | |
|---|---|
| | 3) 378/27.03.23 – 68315/-<br>4) 318/20.03.23- 65000/- |

കർഷകർക്ക് അവരുടെ വീടുകളിൽ പച്ചക്കറി കൃഷി ചെയ്യുന്നതിന് പോട്ടിംഗ് മിശ്രിതം നിറച്ച മണ്ണ് ചട്ടികൾ പച്ചക്കറി തൈകൾ ഉൾപ്പെടെ 75 % സബ്സിഡിയിൽ സർക്കാർ അംഗീകൃത ഏജൻസികളിൽ നിന്നോ കാർഷിക കർമസേന വഴിയോ ഇറക്കി നൽകുന്നതാണ് പ്രോജക്ട്. ആയതിൻ പ്രകാരം കാർഷിക കർമസേനയിൽ നിന്നും 4102 പോട്ടിംഗ് മിശ്രിതം നിറച്ച മണ്ണ് ചട്ടികൾ ചട്ടി ഒന്നിന് 130/- രൂപ നിരക്കിൽ താഴെ പറയുന്ന ഇൻവോയ്സ് നമ്പർ പ്രകാരം വാങ്ങിയിട്ടുണ്ട്.

( 1. ഇൻവോയ്സ് നം. 104/20.01.23, തുക – 260000/- എണ്ണം - 2000

2. ഇൻവോയ്സ് നം. 120/16.03.23, തുക – 273260/- എണ്ണം - 2102)

മേൽ പ്രോജക്ട് നിർവഹണത്തിൽ സംഭവിച്ച അപാകതകൾ ചുവടെ ചേർക്കുന്നു.

1. 28.05.22 ലെ സർക്കാർ ഉത്തരവ്(കൈ)115/2022/തസ്വഭവ പ്രകാരമുള്ള 2022-23 വർഷത്തേക്കുള്ള സബ്സിഡി,ധനസഹായം,അനുബന്ധ വിഷയങ്ങൾ സംബന്ധിച്ച മാർഗ്ഗരേഖയിലെ നിർദ്ദേശപ്രകാരം പോട്ടിംഗ് മിശ്രിതം നിറച്ച ഗ്രോ ബാഗിന് യൂണിറ്റ് കോസ്റ്റ് ജില്ലാതലത്തിൽ നിശ്ചയിക്കേണ്ടതാണ്. ആയത് പ്രകാരം പാലക്കാട് ജില്ലാ കളക്ടറുടെ 25.6.2022 ലെ780/2022/ഡിപിസി/ഡിപിഒ/പികെഡി നമ്പർ ഉത്തരവ് പ്രകാരം 2022-23 വർഷത്തെക്ക് പോട്ടിംഗ് മിശ്രിതം നിറച്ച ചട്ടിക്ക് 110/- രൂപയാണ് യൂണിറ്റ് കോസ്റ്റ് നിശ്ചയിച്ചിട്ടുള്ളത്. എന്നാൽ പോട്ടിംഗ് മിശ്രിതം നിറച്ച ചട്ടിക്ക് 130/-എന്ന നിരക്കിലാണ് കാർഷിക കർമസേനയിൽ നിന്നും വാങ്ങിയിട്ടുള്ളത്. തൻമൂലം താഴെ പറയുന്ന തുക നഷ്ടം സംഭവിച്ചിട്ടുണ്ട്.

| | |
|---|---|
| ആകെ പദ്ധതി ചെലവ് | 533260/-<br>(വികസന ഫണ്ട്- 399945/-<br>ഗുണഭോക്തൃ വിഹിതം - 133315/-) |
| ആകെ ചട്ടികൾ എണ്ണം | 4102 |
| നൽകിയ തുക<br>(ഒരു ചട്ടിക്ക് 130/- രൂപ നിരക്കിൽ) | 4102 X 130 = 533260/-<br>75% സബ്സിഡി നിരക്കിൽ<br>വികസന ഫണ്ട് - 399945/-(97.5 രൂപ)<br>ഗുണഭോക്തൃ വിഹിതം - 133315/-<br>( 32.5 രൂപ) |
| നൽകേണ്ടിയിരുന്ന തുക<br>(ഒരു ചട്ടിക്ക് 110/- രൂപ നിരക്കിൽ) | 4102 X 110 = 451220/-<br>വികസന ഫണ്ട്- 338415/- (82.5 രൂപ)<br>ഗുണഭോക്തൃ വിഹിതം -<br>112805/-(27.5രൂപ) |
| നഷ്ടം സംഭവിച്ച തുക | 399945 – 338415 = 61530/-<br>(ഗുണഭോക്തൃ വിഹിതം കഴിച്ചുള്ള തുക) |

മേൽ അപാകതകൾ ശ്രദ്ധയിൽപ്പെടുത്തി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.4/26.10.23) ചുവടെ ചേർക്കുന്ന പ്രകാരം മറുപടി നിർവഹണ ഉദ്യോഗസ്ഥൻ ഹാജരാക്കിയിട്ടുണ്ട്.

ചട്ടിയോടൊപ്പം മൂന്നിനം ജൈവവളങ്ങൾ ഓരോ കിലോ വീതം കിറ്റുകൾ പ്രത്യേകമായി ഗുണഭോക്താക്കൾക്ക് നൽകിയിട്ടുണ്ട്. ചട്ടി നിറയ്ക്കുന്നതിനുള്ള ഒരു കിലോ ചകിരിചോർ, ഒരു കിലോ വെർമി കമ്പോസ്റ്റ്, നൂറ് ഗ്രാം എല്ല് പൊടി ചാണകപ്പൊടി ഉൾപ്പെടെയാണ് നൽകിയത്. തൻമൂലമാണ് ഒരു ചട്ടിയുടെ വില യൂണിറ്റ് കോസ്റ്റിൽ നിന്നും അധികരിച്ചത്. പ്രസ്തുത മൺചട്ടികൾക്ക് 2023-24 വർഷം യൂണിറ്റ് കോസ്റ്റ് 200 രൂപയായി ഉയർത്തിയിട്ടുണ്ട് എന്നും സർക്കാരിന് സാമ്പത്തിക നഷ്ടം ഉണ്ടായിട്ടില്ല എന്നും അറിയിച്ചിട്ടുണ്ട്.

എന്നാൽ അംഗീകരിക്കപ്പെട്ട പ്രോജക്ട് രൂപീകരണ ഫോറത്തിലെ രേഖപ്പെടുത്തൽ പ്രകാരം പോട്ടിംഗ് മിശ്രിതം നിറച്ച മൺചട്ടികൾ, പച്ചക്കറി തൈകൾ ഉൾപ്പെടെ നൽകുന്നതിനാണ് പ്രോജക്ട് വിഭാവനം ചെയ്തിട്ടുള്ളത്. ഇതിനുപരിയായി പ്രോജക്ട് നിർവ്വഹണ സമയത്ത് ഉൾപ്പെടുത്തിയ ഇനങ്ങൾക്ക് പ്രോജക്ട്

രേഖകൾ പ്രകാരം അനുമതി ഇല്ലാത്തതാണ്. അതിനാൽ സർക്കാരിന് സാമ്പത്തിക നഷ്ടം ഉണ്ടായിട്ടില്ല എന്ന മറുപടി ഓഡിറ്റ് അംഗീകരിക്കുന്നില്ല. യൂണിറ്റ് കോസ്റ്റിൽ നിന്നും അധികരിച്ച നിരക്കിൽ നൽകിയ പോട്ടിംഗ് മിശ്രിതം നിറച്ച ചട്ടിയുടെ വിലയായ 61530/- രൂപ നിർവഹണ ഉദ്യോഗസ്ഥനിൽ നിന്ന് തിരികെ ഈടാക്കി വികസന ഫണ്ടിൽ അടവാക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷൻ കണക്കുകൾ പരിശോധിച്ച തിയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2022-23 | 20.10.2023 മുതൽ 31.10.2023 വരെ | ഓഡിറ്റ് സാക്ഷ്യപത്രം അനുബന്ധം-1 ആയി ചേർത്തിട്ടുണ്ട്. |

### 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| മണ്ണാർക്കാട് ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 191485 | 34/23-പാലിയേറ്റീവ് പരിചരണം | 191485 | - |
| | | 40000 | 271/23-ലൈഫ് SCP | 40000 | - |
| | | 248000 | 73/23-സമഗ്ര നെൽകൃഷി വിതരണം | 248000 | - |
| | | 1075000 | 104/23-ലൈഫ് SCP | 1075000 | - |
| | | 290700 | 133/23-ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 290700 | - |
| | | 178120 | 121/23-കാലിത്തീറ്റ സബ്സിഡി | 178120 | - |
| | | ആകെ | **2023305** | | |
| ജില്ലാ പഞ്ചായത്ത് | | 100000 | 120/23-പാലിന് സബ്സിഡി | **100000** | - |

### 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ/ ചെക്ക് നമ്പർ | ഡെപ്പോസിറ്റ് തുക | ബാക്കി |
|---|---|---|---|---|
| എം.ജി.എൻ.ആർ.ഇ.ജി.എസ് മിഷൻ ഡയറക്ടർ | പ്രൊജക്ട് നം 192/23 | ബിൽ നം ,തിയ്യതി- 24/27.03.23 | 3,00,000/- | വിനിയോഗ രേഖകൾ ലഭ്യമായിട്ടില്ല. |

| | | | | |
|---|---|---|---|---|
| | അംഗനവാടികെട്ടിട നിർമ്മാണം | | | |
| KSEB | പ്രൊജക്ട് നം-25/23 സ്ട്രീറ്റ് മെയിൻ വലിക്കുന്നതിന് | ബിൽ നം 141/11.01.23 | 2466347/- | |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയു ണ്ടായിരുന്ന തുക | തൻവർഷം ലഭിച്ചത് | തൻവർഷം തിരിച്ചടച്ച തുക | | വർഷാവ സാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ്-KURDFC വായ്പ | 41540000 | 33764000 | - | 4017501 | | 29746499 |

## 4-6 സ്ഥിരനിക്ഷേപങ്ങൾ

ഒന്നുമില്ല

## 4-7 ഓഡിറ്റ് റിക്കവറി

ഒന്നുമില്ല

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 99-2000 | 3-7 | 2006-07 | 3.66.3 | 3.66.1 ബിറ്റുമിൻ വാങ്ങൽ - സ്റ്റോക്ക്, വിനിയോഗം- വിവരങ്ങൾ ലഭ്യമല്ല | 18-4-2018 ന് വിഷയം ലോക്കൽ ഫണ്ട് അക്കൗണ്ടസ് കമ്മിറ്റി പരിഗണിച്ചിട്ടുണ്ടെങ്കിലും അന്തിമ തീരുമാനം ലഭ്യമായിട്ടില്ല. |
| 2000-01 | 3(2) | 2006-07 | 3.66.3 | 3.66.2 – പദ്ധതി വിഹിതം- സെക്രട്ടറി സെൽഫ് ചെക്ക് മുഖേന പിൻവലിച്ച | 18-4-2018 ന് വിഷയം ലോക്കൽ ഫണ്ട് അക്കൗണ്ടസ് കമ്മിറ്റി പരിഗണിച്ചിട്ടുണ്ടെങ്കിലും അന്തിമ തീരുമാനം ലഭ്യമായിട്ടില്ല. |

| | | | | | |
|---|---|---|---|---|---|
| | | | | തുകകളുടെ വിനിയോഗ രേഖകൾ ഹാജരാക്കിയിട്ടില്ല | |
| 1999-00 | 3-14 | 2006-07 | 3.66.3 | 3.66.3 – കൃഷി ഓഫീസർ നടപ്പിലാക്കിയ പമ്പ് സെറ്റ് വിതരണ പദ്ധതിയിൽ അധിക സബ്സിഡി അനുവദിച്ച | 18-4-2018 ന് വിഷയം ലോക്കൽ ഫണ്ട് അക്കൗണ്ടസ് കമ്മിറ്റി പരിഗണിച്ചിട്ടുണ്ടെങ്കിലും അന്തിമ തീരുമാനം ലഭ്യമായിട്ടില്ല. |

**4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം**

ഇല്ല.

**4-10 ഓഡിറ്റ് പ്രത്യവലോകനം**

**(എ) സംക്ഷിപ്ത വിവരം**

| | തുക (രൂപ) |
|---|---|
| മുന്നിരിപ്പ് | 3,30,92,895 |
| ഓഡിറ്റ് വർഷത്തെ വരവ് | 6,00,78,911 |
| ആകെ | 9,31,71,806 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 5,08,75,678 |
| നീക്കിയിരിപ്പ് | 4,22,96,128 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 61530 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1,69,000 |

**(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടത്തിന്റെ വിവരം –**

| ഖണ്ഡിക നം. | നഷ്ടമായി തുക | | ഉത്തരവാദിയായ ഉദ്യോഗസ്ഥൻ |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നത് | സർച്ചാർജ് ചെയ്യാവുന്നത്. | |
| 3-1 | - | 61530 | ശ്രീമതി.അർച്ചന മുരളി , കൃഷി ഓഫീസർ |
| ആകെ | | 61530 | |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-18 | 162500 | ശ്രീമതി.നീതു ത്യാഗരാജ് , ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| 1-24 | 6500 | ശ്രീമതി.അർച്ചന മുരളി , കൃഷി ഓഫീസർ |
| ആകെ. | 169000 | |

**ഭാഗം 1 ലെ ഖണ്ഡികകൾ പ്രകാരം പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-25 | 2151 | ശ്രീമതി.സ്മിത ,അസി.എഞ്ചിനീയർ |
| ആകെ. | 2151 | |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.അർച്ചന മുരളി , കൃഷി ഓഫീസർ | കൃഷി ഓഫീസർ, കാഞ്ഞിരപ്പുഴ ഗ്രാമപഞ്ചായത്ത് | പരപ്പതിച്ചിറ ഹൗസ്, പാലക്കയം |
| ശ്രീമതി.നീതു ത്യാഗരാജ് , ഐ.സി.ഡി.എസ്. സൂപ്പർവൈസർ | സി.ഡി.പി.ഒ, ആലത്തൂർ | തച്ചംപുള്ളി, വട്ടക്കര,എസ്.എൻ നഗർ, തൃശ്ശൂർ |
| ശ്രീമതി.സ്മിത ,അസി.എഞ്ചിനീയർ | അസി.എഞ്ചിനീയർ കാഞ്ഞിരപ്പുഴ ഗ്രാമപഞ്ചായത്ത് | കൃഷ്ണ സ്പർശം, കുന്നത്തൂർമേട്, പാലക്കാട്. |

**4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ**

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ നമ്പർ | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ വിശദാംശങ്ങൾ |
|---|---|---|
| 1996-97 | കെ.എസ്.എ-പി.കെ.ഡി. 9/400/2022, തീയതി : 01.12.2022 | - |
| 1997-98 | കെ.എസ്.എ-പി.കെ.ഡി. 9/400/2022, തീയതി : 01.12.2022 | 9<br>(2-1 (1), 23, 24, 28, 30, 31, 32, 33, 34) |
| 1998-99 | കെ.എസ്.എ-പി.കെ.ഡി. 9/400/2022, തീയതി : 01.12.2022 | 0<br>(റിപ്പോർട്ട് തീർപ്പാക്കി) |
| 1999-00 | കെ.എസ്.എ-പി.കെ.ഡി. 9/400/2022, തീയതി : 01.12.2022 | 14<br>(2-1, 2-3, 3-1, 3-2, 3-3 (3), 3-4, 3-5, 3-6, 3-8, 3-10, 3-11, 3-12, 3-13, 3-15) |
| 2000-01 | കെ.എസ്.എ-പി.കെ.ഡി. 9/400/2022, തീയതി : 01.12.2022 | 2<br>(2-1, 3-3 (1)&(2) |
| 2001-02 | കെ.എസ്.എ-പി.കെ.ഡി. 9/400/2022, തീയതി : 01.12.2022 | 5<br>(3-1, 3-3, 3-4, 3-5, 3-6) |
| 2002-03 | കെ.എസ്.എ-പി.കെ.ഡി. 9/400/2022, തീയതി : 01.12.2022 | 6<br>(2-1, 3-2, 3-3, 3-4, 3-5, 3-6) |
| 2003-04 | കെ.എസ്.എ-പി.കെ.ഡി. 9/400/2022, തീയതി : 01.12.2022 | 19<br>(2-3, 2-5, 2-6, 2-7, 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8, 3-9, 3-11, 3-12, 3-13, 3-15, 3-16, 3-17) |

| | | |
|---|---|---|
| 2004-05 | കെ.എസ്.എ-പി.കെ.ഡി. 9/400/2022, തീയതി : 01.12.2022 | 10<br>(2-2, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8, 3-9, 3-10) |
| 2005-06 | കെ.എസ്.എ-പി.കെ.ഡി. 9/400/2022, തീയതി : 01.12.2022 | 4<br>(2-1, 2-2, 3-4, 3-5) |
| 2006-07 | കെ.എസ്.എ-പി.കെ.ഡി. 9/400/2022, തീയതി : 01.12.2022 | 10<br>(2-3, 2-4, 2-5, 3-1, 3-3, 3-4, 3-6, 3-9, 3-10, 3-11) |
| 2007-08 | കെ.എസ്.എ-പി.കെ.ഡി. 9/400/2022, തീയതി : 01.12.2022 | 5<br>(2-1, 3-1, 3-3, 3-5, 3-8) |
| 2008-09 | കെ.എസ്.എ-പി.കെ.ഡി. 9/400/2022, തീയതി : 01.12.2022 | 6<br>(2-1, 3-1, 3-2, 3-3, 3-4, 3-5) |
| 2009-10 & 2010-11 | കെ.എസ്.എ-പി.കെ.ഡി. 9/400/2022, തീയതി : 01.12.2022 | 11<br>(2-2(3), 3-1, 3-3, 3-4, 3-5, 3-6, 3-8, 3-13, 3-16, 3-17, 3-18) |
| 2011-12 | കെ.എസ്.എ-പി.കെ.ഡി. 9/400/2022, തീയതി : 01.12.2022 | 4<br>(2-2, 3-4, 3-10, 3-11) |
| 2012-13 | കെ.എസ്.എ-പി.കെ.ഡി. 9/400/2022, തീയതി : 01.12.2022 | 2<br>(2-1, 3-1) |
| 2013-14 2014-15 | കെ.എസ്.എ-പി.കെ.ഡി. 9/400/2022, തീയതി : 01.12.2022 | 14<br>(2-1 (1)&(3), 2-2, 3-1, 3-2, 3-3, 3-4, 3-5, 3-8, 3-9, 3-10, 3-11, 3-12, 3-13, 3-14) |
| 2015-16 | കെ.എസ്.എ-പി.കെ.ഡി. 9/400/2022, തീയതി : 01.12.2022 | 5<br>(2-1, 2-2, 2-4, 3-2, 3-9) |
| 2016-17 | കെ.എസ്.എ-പി.കെ.ഡി. 9/400/2022, തീയതി : 01.12.2022 | 11<br>(2-2, 2-3, 3-1, 3-4, 3-5, 3-6, 3-12, 3-14, 3-15, 3-16, 3-17) |
| 2017-18 | കെ.എസ്.എ-പി.കെ.ഡി. 9/400/2022, തീയതി : 01.12.2022 | 13<br>(2-1, 2-2, 2-3, 2-4, 2-7, 2-9, 3-4, 3-5, 3-6, 3-7, 3-9, 3-11, 3-14) |
| 2018-19 | കെ.എസ്.എ-പി.കെ.ഡി. 9/400/2022, തീയതി : 01.12.2022 | 9<br>(1-11, 1-17, 1-20, 1-21, 1-23, 1-24, 1-29, 1-32, 1-33) |
| 2020-21 | നമ്പർ: KSA PKD(9)/1682/2021. തീയ്യതി: 15/01/2022 | മുഴവൻ ഖണ്ഡികകളും |
| 2021-22 | നമ്പർ: KSA.PKD (9) 1683 /21 , തീയ്യതി: 15/01/2022 | മുഴവൻ ഖണ്ഡികകളും |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്

ഡെപ്യൂട്ടി ഡയറക്ടർ

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 5 dated 26-06-2023 and submitted on 14-08-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03- 2023 , with supporting forms, of the Kanjirapuzha Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Kanjirapuzha Grama Panchayat for the year 2022-2023

**Date: 04/12/2023**

**Deputy Director**
**District Office Palakkad**
**Kerala State Audit Department**

# Audit Report appended to the Audit Certificate of Kanjirapuzha Grama Panchayat for the Year 2022-2023 .

**1.Major Observations**

1. Asset Register Is Not Updated And Linked To ILGMS

**2.Other Observations**

1) Difference between Cash flow statement-Net increase/decrease on cash flow does not match with the difference between the OB and the CB of cash and cash eqivalents
2) Basic Ratios and notes to accounts are not Included In The Annual Financial Statements.
3)Advance register, Deposit register do not match with AFS
4)Demand Entries Not Done Intime- Demand entries not done intime for the items required accrual entry. Eg. property tax receivables.
5)The amount given towards Deposit works to KSEB &MGNREGS and are unadjusted as on 31.03.23 do not reflect in balance sheet schedule B17

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പാലക്കാട് ജില്ലയിലെ കാഞ്ഞിരപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം 3–

## വാർഷിക കണക്കുകളുടെ സംക്ഷിപ്തം

| INCOME & EXPENDITURE STATEMENT | | | |
|---|---|---|---|
| For the period from 01-April-2022 to 31-March-2023 | | | |
| Code.No | Description of Items | Schedule No | Amount |
| | **INCOME** | | |
| 110000000 | Tax Revenue | I-1 | 6013427.00 |
| 120000000 | Assigned Revenues, Shared Taxes and Compensations (BLOCKED) | I-2 | 0.0 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 101688.00 |
| 140000000 | Fee & User Charges | I-4 | 913239.00 |
| 150000000 | Sale & Hire Charges | I-5 | 381130.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 171699830.00 |
| 170000000 | Income from Investments | I-7 | 0.0 |
| 171000000 | Interest Earned | I-8 | 851894.00 |
| 180000000 | Other Income | I-9 | 20145.00 |
| 190000000 | Prior Period Income | I-19 | 205698.00 |
| | **Total Income** | | **179981353.00** |
| | **EXPENDITURE** | | |
| 210000000 | Establishment Expenses | I-10 | 11667682.00 |
| 220000000 | Administrative Expenses | I-11 | 1098079.00 |
| 230000000 | Operations & Maintenance | I-12 | 1143836.00 |
| 240000000 | Interest & Finance Charges | I-13 | 654.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 10264522.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(A) | 31405273.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(B) | 16456599.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(C) | 48290669.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(D) | 53260720.00 |
| 255000000 | Maintenance Projects | I-14(E) | 0.0 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-14(F) | 949941.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 0.0 |
| 270000000 | Provisions and Write off | I-16 | 0.0 |
| 271000000 | Miscellaneous Expenses on Disposal of Assets and Investments | I-17 | 0.0 |
| 272000000 | Depreciation | I-17(A) | 9899628.00 |
| | **Total Expenditure** | | **184437603.00** |
| | **Gross Surplus / Deficit of income over Expenditure** | | **-4456250.00** |
| | **Gross Surplus / Deficit of income over Expenditure** | | **-5070835.00** |
| 290000000 | Transfer to Reserve Funds/Prior Period Item(ILGMS) | I-18 | 820283.00 |
| | **Net Balance being surplus/ deficit carried over to Balance Sheet (Panchayat Fund)** | | **-614585.00** |

| RECEIPT & PAYMENT STATEMENT | | | |
|---|---|---|---|
| For the period from 01-April-2022 to 31-March-2023 | | | |
| Code.No | Description of Items | Schedule No | Amount |
| | **RECEIPTS** | | |
| | **Opening Balance** | | |
| Bank | Bank | RP-40(a) | 33092895.00 |
| Cash | Cash | RP-40(a) | 0.0 |
| | **Operating** | | |
| 110000000 | Tax Revenue | RP-1 | 911850.00 |
| 140000000 | Fees & User Charges | RP-4 | 704959.00 |
| 150000000 | Sale & Hire Charges | RP-5 | 381130.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 16518000.00 |
| 171000000 | Interest Earned | RP-9 | 851894.00 |
| 190000000 | Prior Period Income | RP-11 | 9950.00 |
| 290000000 | Transfer to Reserve Funds / Prior Period Item(ILGMS) | RP-25 | 198972.00 |
| 311000000 | Earmarked Funds | RP-28 | 358.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 19687339.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 19985678.00 |
| | **Non Operating** | | |
| 180000000 | Other Income | RP-10 | 20145.00 |
| 340000000 | Deposits Received | RP-33 | 55402.00 |
| 350000000 | Other Liabilities | RP-35 | 753234.00 |
| | **Grand total** | | **93171806.00** |
| | **PAYMENTS** | | |
| | **Operating** | | |
| 220000000 | Administrative Expenses | RP-13 | 3700.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 1154099.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 15473266.00 |
| 460000000 | Loans, Advances and Deposits | RP-49 | 2322088.00 |
| | **Non Operating** | | |
| 340000000 | Deposits Received | RP-33 | 51339.00 |
| 350000000 | Other Liabilities | RP-35 | 31871186.00 |
| | **Closing Balance** | | |
| Bank | Bank | RP-40(b) | 42296128.00 |
| Cash | Cash | RP-40(b) | 0.0 |
| | **Grand Total** | **93171806.00** | |

| BALANCE SHEET | | | |
|---|---|---|---|
| As on 31-March-2023 | | | |
| Code.No | Description of Items | Schedule No | Amount |
| | **LIABILITIES** | | |
| | **Reserve & Surplus** | | |
| 310000000 | Panchayat / Municipal Fund | B-1 | 35373634.00 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 10081.00 |
| 312000000 | Reserves | B-3 | 99177033.00 |
| | **Total Reserve & Surplus** | | **134560748.00** |
| | **Grants, Contributions for Specific Purposes** | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 16907846.00 |
| | **Total Grants, Contributions for Specific Purposes** | | **16907846.00** |
| | **Loans** | | |
| 330000000 | Secured Loans | B-5 | 29746499.00 |
| 331000000 | Unsecured Loans | B-6 | 0.0 |
| | **Total Loans** | | **29746499.00** |
| | **Current Liabilities & Provisions** | | |
| 340000000 | Deposits Received | B-7 | 270384.00 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 1842138.00 |
| 360000000 | Provisions | B-10 | 0.0 |
| | **Total Current Liabilities and Provisions** | | **2112522.00** |
| | **TOTAL LIABILITIES** | | **183327615.00** |
| | **ASSETS** | | |
| | **Fixed Assets** | | |
| 410000000 | Fixed Assets | B-11 | 226750.00 |
| 412000000 | Capital Work in Progress | B-11(b) | 0.0 |
| 413000000 | Annual Plan - Capital Expences (Productive Sector) | B11-(c) | 950004.00 |
| 414000000 | Annual Plan - Capital Expences (Service Sector) | B11-(d) | 35568607.00 |
| 415000000 | Annual Plan - Capital Expences (Infrastructure Sector) | B11-(e) | 108948174.00 |
| 416000000 | Accumulated Depreciation | B-11(a) | -53457460.00 |
| | **Total Fixed Assets** | | **92236075.00** |
| | **Investments** | | |
| 420000000 | Investments-General Fund | B-12 | 100.00 |
| 421000000 | Investments - Other Funds / Sundry Debtors | B-13 | 0.0 |
| | **Total Investments** | | **100.00** |
| | **Current Assets, Loans and Advances** | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 15894650.00 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | 0.0 |
| 440000000 | Pre-paid Expenses | B-16 | 29746499.00 |
| 450000000 | Cash and Bank Balance | B-17 | 42296128.00 |
| 460000000 | Loans, Advances and Deposits | B-18 | 3154163.00 |
| 461000000 | Accumulated Provisions against Loans,Advances and Deposits | B-18(a) | 0.0 |
| | **Total Current Assets, Loans and Advances** | | **91091440.00** |
| | **Other Assets** | | |
| 470000000 | Other Assets | B-19 | 0.0 |
| | **Total Other Assets** | | **0.0** |
| | **Miscellaneous Expenditure (To the Extent not written off)** | | |
| 480000000 | Miscellaneous Expenditure to be written off | B-20 | 0.0 |
| | **Total Miscellaneous Expenditure (To the Extent not written off)** | | **0.0** |
| | **TOTAL ASSETS** | | **183327615.00** |

Deputy Director